06
2021
ഒക്ടോബർ
ബുധൻ
1197
കന്നി 20

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 167 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-167 പേജ് 4. വില 2.00 രൂപ




02 സർക്കാർ സേവനം ജനങ്ങളുടെ അവകാശം: മുഖ്യമന്ത്രി
03 കുഞ്ഞുങ്ങൾക്കുള്ള വാക്സിനേഷൻ ആരംഭിച്ചു
04 കോവിഡ് മരണ നിർണയം: പുതിയ മാർഗനിർദേശങ്ങൾ

# റീ രജിസ്ട്രേഷൻ തുക എട്ടിരട്ടി കൂട്ടി

ന്യൂഡൽഹി: രാജ്യത്ത്15 വർഷത്തിലേറെ പഴക്കമുള്ള കാറുകളുടെ രജിസ്ട്രേഷൻ പുതുക്കാൻ നിലവിലുള്ളതിൻറെ എട്ടിരട്ടി തുക നൽകേണ്ടി വരും. അടുത്ത വർഷം ഏപ്രിൽ മുതൽ പുതുക്കിയ നിരക്കുകൾ നിലവിൽ വരും. അടുത്ത വർഷം മുതൽ നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്ന പുതിയ പൊളിക്കൽ നയവുമായി ബന്ധപ്പെട്ട് ഉപരിതല ഗതാഗത മന്ത്രാലയം പുറത്തിറക്കിയ വിജ്ഞാപനത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയിരിക്കുന്നത്.

പുതിയ നിരക്കുകൾ അനുസരിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കി നൽകുന്നതിന് എട്ടിരട്ടി തുക നൽകണം. വിജ്ഞാപനം അനുസരിച്ച് 15 വർഷം പഴക്കമുള്ള കാർ പുതുക്കുന്നതിന് 5000 രൂപ ഈടാക്കും. നിലവിൽ ഇത് 600 രൂപയാണ്. ബൈക്കുകൾക്ക് ആയിരം രൂപ നൽകണം. നിലവിൽ 300 രൂപയാണ്. 15 വർഷത്തിലേറെ പഴക്കമുള്ള ബസിൻറെയും ട്രക്കിൻറെയും രജിസ്ട്രേഷൻ പുതുക്കുന്നതിന് 12,500 രൂപയാണ് ഫീസായി ഈടാക്കുക. നിലവിൽ 1500 രൂപയാണ്. ട്രക്കിനും സമാനമായ നിരക്കാണ് ഈടാക്കുക എന്ന് വിജ്ഞാപനം പറയുന്നു.

സ്വകാര്യ വാഹനങ്ങൾ 15 വർഷം കഴിയുമ്പോൾ പുതുക്കണം. അഞ്ചുവർഷത്തേയ്ക്കാണ് പുതുക്കി നൽകുക. പിന്നീട് ഓരോ അഞ്ചുവർഷം കഴിയുമ്പോഴും അടുത്ത അഞ്ചു വർഷത്തേയ്ക്ക് പുതുക്കണം. വാണിജ്യവാഹനങ്ങൾ എട്ടുവർഷം കഴിഞ്ഞാൽ ഓരോ വർഷവും ഫിറ്റ്നസ് പുതുക്കണം. രജിസ്ട്രേഷൻ പുതുക്കുന്നതിൽ കാലതാമസം വന്നാൽ സ്വകാര്യവാഹനങ്ങൾക്ക് പ്രതിമാസം 300 രൂപ പിഴയായി ഈടാക്കും. വാണിജ്യ വാഹനങ്ങൾക്ക് 500 രൂപ നൽകണം. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുന്നതിൽ കാലതാമസം വന്നാൽ വാണിജ്യ വാഹനങ്ങൾക്ക് പ്രതിദിനം 50 രൂപ വീതം പിഴ നൽകേണ്ടി വരും.

# മോൺസന് എന്തിന് സംരക്ഷണം നൽകി..! പോലീസിനെതിരേ ഹൈക്കോടതി

കൊച്ചി: മോൻസൺ സാമുവലിൻറെ പുരാവസ്തു തട്ടിപ്പിൽ പോലീസിനെതിരേ രൂക്ഷ വിമർശനവുമായി ഹൈക്കോടതി. കേരള പോലീസ് എന്ത് അടിസ്ഥാനത്തിലാണ് മോൻസണ് സംരക്ഷണം നൽകിയതെന്നാണ് കോടതി ചോദിച്ചത്.

സംരക്ഷണം ആവശ്യപ്പെട്ട് മോൺസൻറെ മുൻ ഡ്രൈവർ അജിത് നൽകിയ ഹർജിയിലാണ് കോടതിയുടെ വിമർശനം. പോലീസുകാർ മോൺസൻറെ വീട്ടിൽ പോയപ്പോൾ നിയമലംഘനം കണ്ടില്ലേ!.. ആനക്കൊമ്പ് കണ്ടപ്പോൾ എന്തുകൊണ്ട് അന്വേഷിച്ചില്ലെന്നും കോടതി ചോദിച്ചു.

ലോകത്തില്ലാത്ത സാധനങ്ങൾ ഉണ്ടെന്ന് പറഞ്ഞപ്പോൾ പോലീസ് സംരക്ഷണം നൽകിയത് ഇത്തരക്കാരുടെ വിശ്വാസ്യത കൂട്ടിയെന്നും വിമർശിച്ചു. മോൻസന് സുരക്ഷ നൽകിയതുമായി ബന്ധപ്പെട്ട് ഡിജിപി ഈ മാസം 26നകം മറുപടി നൽകണമെന്നും കോടതി ആവശ്യപ്പെട്ടു.



സ്കൂൾ തുറക്കുന്നത് സംബന്ധിച്ച മാർഗരേഖ മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്യുന്നു. മന്ത്രിമാരായ വി. ശിവൻകുട്ടി, വീണാജോർജ് എന്നിവർ സമീപം

# ആദ്യഘട്ടം ക്ലാസ് ഉച്ചവരെ; മാർഗരേഖ തയാർ, മുഖ്യമന്ത്രിക്ക് കൈമാറി

തിരുവനന്തപുരം: നവംബറിൽ സംസ്ഥാനത്തെ സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്പോൾ ആദ്യഘട്ടത്തിൽ ക്ലാസുകൾ ഉച്ചവരെ മതിയെന്നു മാർഗരേഖ. വിദ്യാഭ്യാസ ആരോഗ്യവകുപ്പുകൾ സംയുക്തമായി തയാറാക്കിയ മാർഗരേഖ മന്ത്രിമാരായ വി. ശിവൻകുട്ടി, വീണാ ജോർജ്ജ് എന്നിവർ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറി.

ക്ലാസിൽ വിദ്യാർഥികളുടെ എണ്ണം ക്രമീകരിക്കുന്നതിൻറെ ഭാഗമായി ഓരോ ക്ലാസിലെയും കുട്ടികളെ ബാച്ചുകളായി തിരിക്കണം. എന്നാൽ കുട്ടികളുടെ എണ്ണം കുറഞ്ഞ സ്കൂളുകളിൽ ഇത്തരം ബാച്ച് ക്രമീകരണം നിർബന്ധമല്ല. ഭിന്നശേഷിക്കാരായ കുട്ടികൾ ആദ്യഘട്ടത്തിൽ സ്കൂളിൽ എത്തേണ്ട.

അധ്യാപകരും അനധ്യാപകരും മറ്റു ജീവനക്കാരും രണ്ട് ഡോസ് കോവിഡ് വാക്സിൻ എടുക്കണം. സ്കൂൾ തലത്തിൽ സ്റ്റാഫ് കൗൺസിൽ യോഗം, പിടിഎ , ജനപ്രതിനിധികളുടെയും മറ്റ് അഭ്യുദയകാംക്ഷികളുടെയും യോഗം, വിദ്യാഭ്യാസ ജില്ല, ഉപജില്ലാ പഞ്ചായത്ത് തലങ്ങളിൽ മുന്നൊരുക്കയോഗങ്ങൾ എന്നിവ നടത്തണം.

ജില്ലാതലത്തിൽ കളക്ടറുടെയും ജില്ലാ പഞ്ചായത്ത് പ്രസിഡൻറിൻറെയും നേതൃത്വത്തിൽ ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ചു യോഗങ്ങൾ നടത്തണം. ഓരോ സ്കൂളിലേയും ക്ലാസുകൾക്ക് നൽകുന്ന ഇടവേള, ക്ലാസ് ആരംഭിക്കുന്ന സമയം, സ്കൂൾ വിടുന്ന സമയം, എന്നിവയിൽ വ്യത്യാസങ്ങൾ വരുത്തി കൂട്ടം ചേരൽ ഒഴിവാക്കണം. എല്ലാ അധ്യാപകരും സ്കൂളിൽ ഹാജരാകണം.

സ്കൂളിൽ നേരിട്ട് എത്തിച്ചേരാൻ സാധിക്കാത്ത കുട്ടികൾക്ക് നിലവിലുള്ള ഡിജിറ്റൽ പഠനരീതി തുടരുന്നതാണ്. സ്കൂളുകളിൽ രോഗലക്ഷണ പരിശോധന രജിസ്റ്റർ സൂക്ഷിക്കുകയും രോഗലക്ഷണമുള്ളവർക്ക് സിക്ക് റൂമുകൾ ഒരുക്കുകയും ചെയ്യണമെന്നും മാർഗരേഖയിൽ വ്യക്തമാക്കുന്നു.

# ശക്തമായ മഴ

## പൊന്മുടിയിൽ മണ്ണിടിച്ചിൽ; വാമനപുരം നദി കരകവിഞ്ഞൊഴുകി

തിരുവനന്തപുരം: കനത്ത മഴയെ തുടർന്ന് പൊന്മുടിയിൽ വിവിധ സ്ഥലങ്ങളിൽ മണ്ണിടിച്ചിൽ. ആളപായവും മറ്റു നാശനഷ്ടങ്ങളും റിപ്പോർട്ട് ചെയ്തിട്ടില്ല.


വാമനപുരം നദിയിൽ ജലനിരപ്പ് വലിയ രീതിയിൽ ഉയർന്നു. നദിയുടെ ഇരുകരകളിലും താമസിക്കുന്നവർ കനത്ത ജാഗ്രത പാലിക്കണമെന്ന് അധികൃതർ മുന്നറിയിപ്പ് നൽകി.



കല്ലാർ ഗോൾഡൻവാലി ചെക്ക്പോസ്റ്റിന് സമീപം റോഡിലേക്കു മരം വീണ് ഗതാഗതം തടസപ്പെട്ടു. പോസ്റ്റുകൾ ഉൾപ്പെടെ നിലംപതിച്ചു വൈദ്യുതി ബന്ധം നിലച്ചു. വിതുര അഗ്നിരക്ഷാ സേനയും പോലീസും വനം വകുപ്പ് ഉദ്യോഗസ്ഥരും കെഎസ്ഇബി ജീവനക്കാരും ചേർന്ന് രക്ഷാ പ്രവർത്തനങ്ങൾ നടത്തുകയാണ്.

# പേരിലും പുരാതനത്വം മോൻസൺ; അഥവാ സൺ ആരാ മോൻ

സോമവിചാരം



ഇ.സോമനാഥ്

പുരാവസ്തുക്കൾക്ക് നാട്ടിൽ ഇത്രയേറെ ഡിമാന്റും വിലയുമുണ്ടെന്ന് അറിഞ്ഞപ്പോഴാണ് വീട്ടിലെ നിലവറയും പത്തായവും തപ്പാനിറങ്ങിയത് .ഏതായാലും സംഗതി വെറുതെയായില്ല.പത്തു മുപ്പതു കൊല്ലം മുമ്പാണ്ട് അതിൽ നിധികംഭമുണ്ടെന്ന രഹസ്യം ഒരു കാരണവർ മരണക്കിടക്കയിൽ വെളിപ്പെടുത്തിയതിനു പിന്നാലെയായിരുന്നു ആദ്യ നിലവറ പ്രവേശനം.ഇറങ്ങിയപ്പോൾ അവിടെ നിധിയുമില്ല കുംഭവുമില്ല,കുന്തവുമില്ല,കുടച്ചക്രവുമില്ല.വക്കുപൊട്ടിയ ചില പിഞ്ഞാണങ്ങൾ.ഞെളുങ്ങിയ അലൂമിനിയം പാത്രങ്ങൾ,ഇനാമൽ പോയ ചില കോപ്പകൾ എന്നിവ മാത്രമാണു കണ്ടത്.നാലഞ്ചു മണിക്കൂർ കിളച്ചു മറിച്ചതിന്റെ ദേഷ്യത്തിൽ എല്ലാം അവിടെത്തന്നെ ഉപേക്ഷിച്ചു പോന്നു. കുന്തം പോയാൽ കുടത്തിൽ മാത്രമല്ല കുഴിച്ചും നോക്കണമെന്ന ന്യായേന ആയിരുന്നു കിളക്കലും കുഴിക്കലുമെല്ലാം.നിലവറകൾ ഏ,ബി,സി,ഡി എന്നിങ്ങനെ ഇംഗ്ലീഷിലെ 26 അക്ഷരങ്ങളുണ്ട്.കോടതിയുടെ വിലക്കുള്ളതിനാൽ അവ പരിശോധിക്കാനായില്ല.കോടതിയുടെ ശ്രദ്ധയിൽപെടാത്ത എക്സ് നിലവറയിൽ മാത്രമായിരുന്നു പരിശോധന.

മൂന്നു പതിറ്റാണ്ടു കഴിഞ്ഞപ്പോഴാണു ലോകപ്രസിദ്ധ ആർക്കിയോളജിസ്റ്റ് മോൻസണിന്റെ പുരാവസ്തു ശേഖരത്തെക്കുറിച്ചുള്ള വാർത്തവായിച്ചത്.അപ്പനും അമ്മച്ചിയുമൊഴിച്ചുള്ളതെല്ലാം അക്കൂട്ടത്തിലുണ്ടത്രേ.സമയവും സന്ദർഭവും ഒത്തുവരാത്തതു കൊണ്ടാണ്ഉണ്ടായിരുന്നെങ്കിൽ അദ്ദേഹം അവരെയും കൂട്ടിയേനെ കണ്ടവരുടെയെല്ലാം കണ്ണു തള്ളിപ്പോയി.എന്നാണു കാണാൻ ഭാഗ്യം സിദ്ധിച്ചവർ പറയുന്നത്. അക്കൂട്ടത്തിൽ ടിപ്പുവിന്റെ സിംഹാസനത്തിലിരുന്ന് കുന്തം പിടിച്ചു കുത്തിയിരിക്കുന്ന മുൻ ഡിജിപിയും വാൾ ഉറയിൽ നിന്നു ഊരാനോ ഇടാനോ ശ്രമിക്കുന്ന ഏഡിജിപിയുമുണ്ട്.കുന്തം ലുട്ടാപ്പിയുടേതാണന്നും വാൾ പുരാതന ലോഹയുഗ മനുഷ്യൻ ഉപയോഗിച്ചിരുന്നതാണന്നുമാണ് മോൻസൻ ഏമാൻമാരെ ബോധ്യപ്പെടുത്തിയത്.ഇഞ്ചോർജ് കുട്ടൻപിള്ളയും കടുവമാത്തനേഡും കാൺഷബിൾ ഇടിയൻ നാറാപിള്ളയും എന്തിനേറെ പറയുന്നു പിസി999 പോലും അതു വിശ്വസിക്കുമെന്നു തോന്നുന്നില്ല.ടിപ്പുവിൻെര സിംഹാസനത്തിലിരുന്നു കുന്തം പിടിച്ചുള്ള ബഹ്റാജിയുടെ ഇരിപ്പു കണ്ടാൽ മൈസൂർ വ്യാഘ്രത്തിനു ലുട്ടാപ്പിയിലുണ്ടായ കുട്ടിയാണന്നേ തോന്നു.ഐപിഎസുകാരുടെ അതിബുദ്ധി അതിപ്രശസ്തവും ജഗദ്പ്രസിദ്ധവുമാണല്ലോ ..അവർ വിശ്വസിച്ചു പോയി.അത്ര തന്നെ.മുറിപ്പാടിൽ വിരലിട്ടു വിശ്വസിക്കുന്ന 'ഡോമാശ്ലീഹ' സംശയാലുക്കളല്ല.ഐപിഎസുകാർ മാത്രമല്ല വിശ്വസിച്ചവർ.വിശ്വസീഗണത്തിൽ എംപി മാർ അണക്കൊരു ഡസൻ എന്ന കണക്കിലും എംഎൽഏമാർ കാശിനു പതിനാറ് എന്ന ക്രമത്തിലും ഉണ്ടായിരുന്നുവെന്നാണു കേൾക്കുന്നത്.പോരാത്തതിനു താരങ്ങളും ദ്വാരങ്ങളും അനവധി.അടിപെരണ്ട അമ്മാളു,കുപ്പാണ്ടഗൗണ്ടനൂർ കുപ്പുവച്ചൻ വരെയുള്ള സീരിയൽ ദ്വാരങ്ങളാണു കൂടുതലും.

ബുദ്ധിജീവികൾ,ബുദ്ധിയില്ലാത്ത ജീവികൾ,ഉഴലൂർ ദേവസ്വം ഉരാൺമക്കാർ,കാരായ്മക്കുടിയാൻമാർ,പടനായൻമാർ,ചെട്ടികൾ കോമട്ടികൾ എന്നുവേണ്ട മോൻസൻ വിശ്വസികളായി ചേർന്നവരിൽ സമൂഹത്തിൻെര എല്ലാ മേഖലകളിലുമുള്ളവരുണ്ട്.നിധിശേഖരം കണ്ടവരെല്ലാം മോൻസൻ മാഷിന്റെ ഗവേഷണ പടുത്വത്തെ കൊട്ടിപ്പാടി വാഴ്ത്തുകയായിരുന്നു.സാധനങ്ങളെല്ലാം ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും ഗവേഷകൻ നേരിട്ടു കണ്ടെത്തി സംഭരിച്ചതാണെത്രേ.ഭൂമി കുഴിച്ചും ആഴങ്ങളിൽ മുങ്ങിയും ആഫ്രിക്കൻ വനാന്തരങ്ങളിലെ മരങ്ങളിൽ നിന്നു പറിച്ചവയാണ് സാധന സാമഗ്രികൾ.ചുരുക്കം ചിലവ അന്യഗ്രഹങ്ങളിൽ നിന്നു സമാഹരിച്ചവയും.

കാലാന്തരത്തിൽ ഇന്ത്യക്കു നഷ്ടപ്പെട്ടു പോയ പല അമൂല്യവസ്തുക്കളും മോൻസൻ ഇവിടെ തിരിച്ചെത്തിച്ചിട്ടുണ്ടത്രെ.മയൂരസിംഹാസനം,ബുദ്ധന്റെ പല്ല് എന്നിവ അവയിൽ ചിലതു മാത്രം.വേഷ പ്രച്ഛന്നനായും സിഐഡി കളിച്ചുമാണ് ഇതെല്ലാം സാധിച്ചത്.ഇതൊന്നും പേരിനും പണത്തിനും പ്രശസ്തിക്കും വേണ്ടിയായിരുന്നില്ല.എല്ലാം ഇന്ത്യയോടും ചരിത്രത്തോടുമുള്ള അചഞ്ചലമായ കൂറുകൊണ്ടാണ്.സഹസ്രകോടികൾ വിലയുണ്ടെന്നുകണ്ടു സംരക്ഷണം ഏർപ്പെടുത്തിയ പോലീസ് ഇപ്പോൾ പുരാവസ്തു വെറും പ്ലാസ്റ്റർ ഓഫ് പാരീസും പേപ്പർ പൾപ്പുമാണന്നു പറയുന്നു.ആടിനെ പട്ടിയാക്കുന്നതിൽ കേരളപോലീസ് വിദഗ്ധരാണന്ന് എല്ലാവർക്കുമറിയാം.എന്നാൽ ചരിത്രത്തെ പ്ലാസ്റ്റർ ഓഫ് പാരീസും പേപ്പർ പൾപ്പുമാക്കുന്ന വിദ്യയും അവർക്ക് സ്വായത്തമായെന്ന് ഇപ്പോൾ ബോധ്യമായി. ലുട്ടാപ്പിയുടെ കുന്തമെന്നു മോൻസൻ പറഞ്ഞപ്പോൾ ബെഹ്റാജി മെസപൊട്ടോമിയ എന്നു കേട്ടത് ആരുടെ കുറ്റമാണ്..ഉപ്പുമാങ്ങയുടെ അണ്ടി എന്നു പറഞ്ഞാൽ അപ്പുനായരുടെ കിണ്ടി എന്നു കേൾക്കുന്നവരെ ഒരു ചരിത്രവും കുറ്റക്കാരനല്ലെന്നു വിധിക്കില്ല.

ഇപ്പോഴത്തെ ചർച്ച മോൻസണ് ഏതുവിഷയത്തിലാണ് ഡോക്ടറേറ്റ് എന്നതാണ്.ഏറ്റവും ഒടുവിൽ പോലീസ് കണ്ടെത്തിയിരിക്കുന്നത് ആർക്കിയോളജിയിലും ആയുർവ്വേദത്തിലും പിഎച്ച്ഡിയും,ഡെർമറ്റോളജിയിലും,കോസ്മറ്റോളജിയിലും എംഡിയുമുണ്ടെന്നാണ്.ആർക്കിയോളജിയിൽ എച്ച്.ഡി.സങ്കാലിയയും ,ഷെറിൻ രത്നാകറും,ആന്ത്രപ്പോളജിയിൽ വെരിയർ എൽവിനും,ആയുർവ്വേദത്തിൽ ചരകസുശ്രുതൻ മാരുമാണത്തേ ഗവേഷണ ഗൈഡുമാർ.ഇതിൽ ആയുർവ്വേദത്തിലെ പിഎച്ച്ഡിയാണു ശരിക്കും പുരാവസ്തു.മറ്റു രണ്ടും അത്രക്കു പുരാതനമല്ലെങ്കിലും പ്ലാസ്റ്റർ ഓഫ് പാരീസും പേപ്പർ പൾപ്പോ കൊണ്ടു നിർമ്മിച്ചതല്ല.തട്ടിപ്പോളജിയിൽ പിഎച്ച്ഡിക്കായി രജിസ്റ്റർ ചെയ്തതാണ്.താജ്മഹൽ,ചെങ്കോട്ട,രാഷ്ട്രപതി ഭവൻ,പാർലമെന്റ് മന്ദിരവും എന്തിനേറെ,പാകിസ്ഥാനെപ്പോലും വിറ്റു കാശാക്കിയ ഡോ.നട്വർലാൽ ആയിരുന്നു മോൻസന്റെ ഗൈഡ്.ക്രൈം ബ്രാഞ്ചിന്റെ കുനുഷ്ടും കുത്തിതിരിപ്പും കാരണം തീസിസ് പൂർത്തിയാക്കാൻ കഴിയുമെന്നു തോന്നുന്നില്ല.

ഏതായാലും ഞാൻ എന്റെ പുരാവസ്തു ഗവേഷണങ്ങളും ഉദ്ഖനനങ്ങളും ഉപേക്ഷിക്കാൻ പോകുന്നില്ല.എക്സ് നിലവറ വീണ്ടും തുറന്ന് പിഞ്ഞാണങ്ങളും പാത്രങ്ങളും കോപ്പകളും പുറത്തെടുത്ത് ആർക്കിയോളജിക്കൽ സർവ്വേയിൽ പരിശോധനക്കയച്ചു.പിഞ്ഞാണങ്ങൾ ചൈനീസ് സഞ്ചാരി ഹ്യു യങ് സാങ് ഉപയോഗിച്ചതാണന്നും പാത്രങ്ങൾ സംഘകാലഘട്ടത്തിലേതും കോപ്പകൾ അലക്സാണ്ടറുടെ പടയാളികളുടേതുമാണന്നാണു പരിശോധനാഫലം.പത്തായവും തുറന്നു നോക്കി ഒരു പൂച്ച,ഒരു പെരുച്ചാഴി,ക്ലാവു പിടിച്ചതും തുരുമ്പിച്ചതുമായ ഓരു ഉടവാൾ,പടവാൾ എന്നിവയാണ് കണ്ടെത്തിയത്.ക്ലാവും തുരുമ്പും കണ്ടാൽ തന്നെ വാൾ അതി പുരാതനമാണന്നു മനസ്സസിലാകും.ചെറിയ ഉടവു തട്ടിയിട്ടുണ്ടെങ്കിലും ഉടഞ്ഞിട്ടില്ല.റേഡിയോ കാർബൺ ഡേറ്റിംഗിൽ തെളിഞ്ഞത് ചേരൻ ചെങ്കുട്ടവന്റെയോ പ്ലാസി യുദ്ധത്തിൽ പരാജയപ്പെട്ട സിറാജ് ഉദ് ദൗളയുടെയോ പടവാൾ ആകാമെന്നാണ്.പാട്ടവും മിച്ചവാരവും കിട്ടാത്തതു കൊണ്ട് ആയിരം വടിപ്പൻ നെല്ലു കൊള്ളുന്ന പത്തായം ഒഴിഞ്ഞു കിടപ്പാണ്.സൂക്ഷിച്ചു നോക്കിയപ്പോൾ മനസിലായി പെരുച്ചാഴി അഥവാ മൂഷിക ഭഗവാൻ സാക്ഷാൽ വിഘ്നേശ്വരന്റെ വാഹനം തീർത്തും പുരാവസ്തു.പൂച്ചക്കാണെങ്കിൽ ശരീരത്തിൽ വരകളുണ്ട് .അയ്യപ്പന്റെ വാഹനമായ പുലി മെലിഞ്ഞ് പൂച്ചയായി പാറ്റയെ പിടിക്കാൻ പത്തായത്തിൽ കയറിയതാണ്.ഇവ രണ്ടിന്റെയും പുരാതനത്വത്തിന് ഐഎസ്ഐയുടെ സർട്ടിഫിക്കറ്റിന്റെ കാര്യമില്ല.

തൊഴുത്തിൽ ചെന്നു നോക്കിയപ്പോൾ കയറുമായൊരു പോത്ത്.പണ്ടു കണ്ടിട്ടില്ല.അൽപ്പം ചിന്തിച്ചപ്പോൾ കാലന്റെ വാഹനമായ പോത്തും ആയുധമായ കയറുമാണ് എന്നു ബോധ്യമായി.അവയേയും ശേഖരത്തിലേക്കു മുതൽ കൂട്ടി. ആക്രി കൂമ്പാരത്തിൽ നിന്നാണ് പ്രൈസ് ക്യാച്ച് കിട്ടിയത്.ദ്രവ്യം രൂപമെടുക്കാൻ കാരണമായ മഹാവിസ്പോടനം നടത്താൻ ഉപയോഗിച്ച സ്വിച്ച് ഇതിൽപരം പുരാതനമായ ഒരു വസ്തു ആരും ഇതുവരെ കണ്ടെത്തിയിട്ടില്ല..; ഇനി കണ്ടെത്തുകയുമില്ല.കാലം മാറിവരും,കാറ്റിൻ ഗതി മാറും,കേസും കുന്ത്രാണ്ടവുമെല്ലാം തീരും,അതെല്ലാം ജനം മറക്കും.അന്നു ഞാൻ എന്റെ ശേഖരം ലേലത്തിനു വെക്കുംഅങ്ങിനെ ഞാനുമൊരു സഹസ്രകോടീശ്വരനാകും.മോൻസണ്ണിന്റെ പുരാവസ്തു ശേഖരത്തിൽ വ്യാജമല്ലാതെ ഉണ്ടവാൻ വഴിയുള്ള യൂദാസിനു കിട്ടിയ മുപ്പതു വെള്ളിക്കാശിലെ രണ്ടു വെള്ളിക്കാശ്.ഒറ്റിനും വഞ്ചനക്കുമുള്ള കാശ് കിട്ടാൻ മലയാളിയാണ് സർവ്വഥാ യോഗ്യൻ.

അവസാനമായി ക്രൈംബ്രാഞ്ചു കാർക്ക് നിയമപ്രകാരമുള്ള മുന്നറിയിപ്പ്.:മോൻസൺ എന്ന പേരിൽ തന്നെ ഒരു പുരാതനത്വമുണ്ട് മോൻസൺ എന്ന പേരു പദംപിരിച്ചഴുതാം.സൺ ആരാ മോൻ.!



മൃഗസംരക്ഷണവകുപ്പിന്റെ രണ്ടാംഘട്ട കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് യജ്ഞം – സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുന്നു.

# പരാതികളെ സഹാനുഭൂതിയോടെ സമീപിക്കണം: മുഖ്യമന്ത്രി

## 15 ദിവസത്തിനകം തീർപ്പാക്കാൻ നിർദ്ദേശം

മുഖ്യമന്ത്രിയുടെ പരാതിപരിഹാര സെല്ലിൽ സമർപ്പിക്കുന്ന പരാതികൾ 15 ദിവസത്തിനകം തീർപ്പാക്കി മറുപടി നൽകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശിച്ചു. പരാതിപരിഹാര സെല്ലിന് റേറ്റിംഗ് നൽകുന്ന സംവിധാനത്തിന്റെ ഉദ്ഘാടനവും പരാതിപരിഹാര സംവിധാനത്തിന്റെ അവലോകനവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പരാതികളിൽ കൃത്യവും ശരിയുമായ തീരുമാനമാവണം ഉണ്ടാകേണ്ടത്. തീർപ്പാക്കിക്കഴിഞ്ഞ പരാതിയുടെ വിവരം ബന്ധപ്പെട്ടവരെ അറിയിക്കണം. മറ്റു വഴികൾ ഇല്ലാത്തതിനാലാണ് പരാതി സമർപ്പിക്കേണ്ടി വരുന്നത്. അതുകൊണ്ടു പരാതികളെ സഹാനുഭൂതിയോടെ സമീപിക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഓരോ ഓഫീസിലും പൊതുജന പരാതി സംവിധാനത്തിന് ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തും. അദ്ദേഹത്തിന്റെ പേരുവിവരം ഓഫീസിൽ പ്രദർശിപ്പിക്കണം. പരാതി സമർപ്പിച്ചവർക്ക് ഈ ഉദ്യോഗസ്ഥനുമായി ബന്ധപ്പെടാനാകണം. മാസത്തിൽ ഒരു തവണ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് വകുപ്പു മേധാവികൾ അവലോകനം നടത്തണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം ശാശ്വത പരിഹാരമല്ല. പെട്ടെന്നുള്ള ആശ്വാസമായാണ് നൽകുന്നത്. അത് സമയബന്ധിതമായി ലഭ്യമാക്കണം. നിലവിൽ തീർപ്പു കൽപ്പിക്കാൻ ബാക്കിയുള്ള അപേക്ഷകൾ യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കാൻ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മതിയായ രേഖകളും കൃത്യമായ അപേക്ഷകളുമാണെങ്കിൽ നൂറു മണിക്കൂറിനുള്ളിൽ തുക ലഭ്യമാക്കാൻ നടപടിയെടുക്കണം. വില്ലേജ് ഓഫീസുകളിൽ ലഭിക്കുന്ന പൂർണ്ണമായ അപേക്ഷകൾ മൂന്നു ദിവസത്തിനുള്ളിൽ താലൂക്ക് ഓഫീസിനു കൈമാറണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

പരാതിപരിഹാര സെൽ വഴി ലഭ്യമാക്കുന്ന സേവനങ്ങളുടെ സുതാര്യതയെ കുറിച്ചും നടപടിക്രമങ്ങളിലെ വേഗതയെ സംബന്ധിച്ചും ലഭ്യമായ സേവനങ്ങളിൽ സംതൃപ്തരാണോ എന്നതിനെ സംബന്ധിച്ചും ഗുണഭോക്താക്കളിൽ നിന്നും പരാതിക്കാരിൽ നിന്നും അഭിപ്രായങ്ങൾ സ്വരൂപിക്കാനാണ് റേറ്റിംഗ് സംവിധാനം ഒരുക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

നൂതന ആശയങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ ഉന്നയിക്കുന്ന ന്യൂനതകൾ അപ്പപ്പോൾ പരിഹരിച്ചാൽ മാത്രമേ തിരുത്തലുകൾ വരുത്തി കൂടുതൽ കരുത്തോടെ മുന്നോട്ടുപോകാനാകൂ. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലായിരിക്കും പരാതിപരിഹാര സെൽ ഉൾപ്പെടെയുള്ള സർക്കാർ സംവിധാനങ്ങൾ മുന്നോട്ടുപോവുകയെന്നും മുഖ്യമന്ത്രി പറഞ്ഞു. ചീഫ് സെക്രട്ടറി ഡോ. വി പി ജോയ്, വകുപ്പ് സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.

# ഉത്തരവുകൾ സമയബന്ധിതമായി നടപ്പാക്കണം: ബാലാവകാശ കമ്മീഷൻ

സംസ്ഥാന ബാലാവകാശ കമ്മീഷൻ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ സമയബന്ധിതമായി നടപ്പാക്കാൻ വിവിധ വകുപ്പുകൾ ശ്രദ്ധിക്കണമെന്ന് ചെയർപേഴ്സൺ കെ.വി.മനോജ്കുമാർ പറഞ്ഞു. കമ്മീഷന്റെ എക്സിക്യൂഷൻ നടപടികൾ ഒഴിവാക്കുന്നതിന് ഉത്തരവുകൾ നടപ്പാക്കുന്നതിൽ തീരുമാനമെടുക്കാനുള്ള വകുപ്പുകളുടെ കാലതാമസം ഒഴിവാക്കണം. വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ നിയമവുമായി ബന്ധപ്പെട്ട് പൂജപ്പുര എസ്.സി.ഇ.ആർ.ടി ഓഡിറ്റോറിയത്തിൽ നടന്ന കർത്തവ്യവാഹകരുടെ സംസ്ഥാനതല യോഗത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. രണ്ട് അധ്യായന വർഷങ്ങളിലെ സ്കൂൾ ജീവിതം നഷ്ടപ്പെട്ട കുട്ടികളാണ് നവംബർ ഒന്നിന് വിദ്യാലയങ്ങളിലെത്തുന്നത്. ഓൺലൈൻ വിദ്യാഭ്യാസ കാലത്ത് വ്യത്യസ്തമായ പ്രശ്നങ്ങളാണ് അവർ അഭിമുഖീകരിച്ചത്. ശാരീരികമാനസിക ബുദ്ധിമുട്ട് അനുഭവിച്ചവർ, മൊബൈൽ ഉപയോഗത്തിന്റെ സമ്മർദ്ദത്തിന് ഇടയായവർ, ഓൺലൈൻ പഠനത്തിൽ ശ്രദ്ധ നൽകാൻ കഴിയാത്തവർ, പഠന രംഗത്തു നിന്ന് വേറിട്ട് പോയവർ, വിദ്യാലയാന്തരീക്ഷം ഇതുവരെ ലഭിക്കാത്തവർ തുടങ്ങി നിരവധി പ്രശ്നങ്ങൾ നേരിട്ടവരാണ് അവർ. അതിനാൽ സ്കൂൾ തുറക്കുമ്പോൾ മുഴുവൻ കുട്ടികളെയും സ്കൂളിൽ എത്തിക്കാൻ ശിശുസൗഹൃദാന്തരീക്ഷത്തിൽ പാഠ്യേതര പ്രവർത്തനങ്ങൾ, കോവിഡ് പശ്ചാത്തലത്തിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ, കുട്ടികളുടെ ആരോഗ്യകാര്യങ്ങളിലെ ഇടപെടലുകൾ എന്നിവ പ്രാധാന്യം അർഹിക്കുന്നു. സ്കൂളുകൾ തുറക്കുന്ന സാഹചര്യത്തിൽ, കുട്ടികൾ നേരിടാനിടയുള്ള മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾ, എങ്ങനെ അക്കാദമിക് പരിസരവുമായി ബന്ധപ്പെടുത്തി ശിശു സൗഹൃദപരമായി ആസൂത്രണം ചെയ്യാം എന്നതു സംബന്ധിച്ച് സംസ്ഥാനതല കർത്തവ്യവാഹകരുടെ യോഗം വിശദമായി ചർച്ച ചെയ്തു. മെച്ചപ്പെട്ട പഠനാന്തരീക്ഷവും സാമൂഹ്യ ചുറ്റുപാടുകളും കുട്ടികൾക്ക് നൽകാൻ സ്കൂൾതല സുരക്ഷാ സമിതികൾ ശ്രദ്ധിക്കണം. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, കുട്ടികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം, സുരക്ഷ, അവകാശ സംരക്ഷണം തുടങ്ങിയവ ഉറപ്പു വരുത്തണം. ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നതും പ്രത്യേക പരിഗണന ലഭിക്കേണ്ടതുമായ കുട്ടികൾ, പിന്നാക്ക വിഭാഗങ്ങളിലെ കുട്ടികൾ എന്നിവരുടെ അവകാശം ഉറപ്പു വരുത്തണം. കോവിഡ് 19 വിദ്യാലയാന്തരീക്ഷത്തിൽ വരുത്തിയ പ്രതിസന്ധി പഠന വിധേയമാക്കി പരിഹാര നടപടി ഉറപ്പാക്കണം. സ്കൂൾ ഹെൽത്ത് പ്രോഗ്രാം പുന:സ്ഥാപിക്കണം. സ്കൂൾ അന്തരീക്ഷത്തിലേക്ക് കുട്ടികൾ മടങ്ങിവരുന്ന നിലവിലെ സാഹചര്യത്തിൽ വിദ്യാലയ പഠനാന്തരീക്ഷത്തിൽ നിന്ന് മാറ്റി നിർത്തപ്പെട്ട കുട്ടികൾ പൂർണ്ണമായും തിരികെ എത്തുന്നുണ്ടോ എന്ന് വിലയിരുത്തി തുടർ നടപടി സ്വീകരിക്കണമെന്നും യോഗം നിർദ്ദേശിച്ചു.

# കോവിഡ് പ്രതിരോധം വിവരശേഖരണ സർവേയ്ക്ക് ഒരുങ്ങി ചിതറ ഗ്രാമപഞ്ചായത്ത്

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി ചിതറ ഗ്രാമപഞ്ചായത്തിൽ വിവരശേഖരണ സർവേ നടത്താൻ തീരുമാനമായി. ഈ മാസം നാലോടുകൂടി പൂർത്തീകരിക്കും. ആശാവർക്കർമാരുടെയും കുടുംബശ്രീ പ്രവർത്തകരുടെയും അങ്കണവാടി ജീവനക്കാരുടെയും സഹകരണത്തോടെയാണ് സർവേ നടത്തുക. വാർഡ് അടിസ്ഥാനത്തിൽ ഓരോ വീടുകളിലെയും ആളുകളുടെ വാക്സിനേഷൻ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കും. ഒരു ഡോസ് മാത്രം എടുത്തവർ, വാക്സിനേഷൻ പൂർത്തീകരിച്ചവർ, വാക്സിൻ എടുക്കാത്തവർ എന്നിങ്ങനെയാണ് വിവരങ്ങൾ ശേഖരിക്കുക. ഇതിന്റെ അടിസ്ഥാനത്തിൽ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കും. ഈ മാസം 15 ഓടുകൂടി സമ്പൂർണ വാക്സിനേഷൻ കൈവരിക്കുകയാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് പ്രസിഡന്റ് എം. എസ് മുരളി പറഞ്ഞു.

വെളിയം ഗ്രാമപഞ്ചായത്തിലെ വാപ്പാല കുടുംബാരോഗ്യ കേന്ദ്രത്തിൽ മെഗാ വാക്സിനേഷൻ ഡ്രൈവ് സംഘടിപ്പിച്ചു. പഞ്ചായത്ത് പരിധിയിൽ ഇതുവരെ വാക്സിൻ സ്വീകരിക്കാത്ത 18 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കായാണ് വാക്സിനേഷൻ സൗകര്യം ഒരുക്കിയത്. ഒന്നാം ഡോസ് വാക്സിനേഷൻ 99 ശതമാനം പൂർത്തിയായി. വാർഡുകൾ കേന്ദ്രീകരിച്ച് മൊബൈൽ ടീമിന്റെ നേതൃത്വത്തിൽ ആർ.ടി.പി.സി.ആർ പരിശോധനയും വ്യാപിപ്പിച്ചിട്ടുണ്ട്.

കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി സമ്പൂർണ വാക്സിനേഷൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് പഞ്ചായത്ത് പ്രസിഡന്റ് ആർ. ബിനോജ് പറഞ്ഞു.

# ബീച്ച് സുരക്ഷ ശക്തിപ്പെടുത്തും : ജില്ലാ കലക്ടർ

കൊല്ലം ബീച്ചിലെ സുരക്ഷ മുൻനിറുത്തി സുശക്ത സംവിധാനം ഏർപ്പെടുത്തുമെന്ന് ജില്ലാ കലക്ടർ അഫ്സാന പർവീൺ. സുരക്ഷാകാര്യ അവലോകന യോഗത്തിലാണ് അറിയിപ്പ്.

കൊല്ലം ബീച്ചിലെ ലൈഫ് ഗാർഡുകൾക്ക് സൈറൺ, ബൈനോക്കുലർ എന്നിവ ലഭ്യമാക്കുന്നതിന് ടൂറിസം വകുപ്പിനെ ചുമതലപ്പെടുത്തി. ലൈഫ് ഗാർഡുകൾ ഉപയോഗിക്കുന്ന മൈക്കുകൾ കേടായത് മാറ്റി പുതിയത് നൽകും. കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് വരുത്തിയ സാഹചര്യത്തിൽ തിരക്ക് നിയന്ത്രിക്കുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തും. ഇതിനായി കൊല്ലം കോർപ്പറേഷൻ, ടൂറിസം വകുപ്പ്, ഡി.ടി.പി.സി എന്നിവർ സംയുക്ത പഠനം നടത്തി റിപ്പോർട്ട് 10 ദിവസത്തിനകം കൈമാറാനും നിർദ്ദേശിച്ചു.

വഴിയോര കച്ചവടക്കാർക്ക് ബീച്ചിൽ പ്രത്യേക സ്ഥലം അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ കൊല്ലം കോർപറേഷൻ സ്വീകരിക്കണം. മതിയായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് വരെ ആലപ്പാട് വെള്ളനാതുരുത്ത് ബീച്ചിൽ നിയന്ത്രണം നടപ്പിലാക്കും. താന്നി ബീച്ചിലെ സുരക്ഷാ സംവിധാനങ്ങൾക്കായി ടൂറിസം വകുപ്പ്, ഡി.ടി.പി.സി. എന്നിവയെ ചുമതലപ്പെടുത്തി.

ടൂറിസം വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഡി. കമലമ്മ, കോർപ്പറേഷൻ സെക്രട്ടറി പി. കെ. സജീവ്, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കെ. സുഹൈർ, വിവിധ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായ എസ്. സജീവ്, എ. സയിദാ ബീഗം, ഹാർബർ എൻജിനീയറിങ് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇ. ലിൻഡ, ഡി.ടി.പി.സി എക്സിക്യൂട്ടീവ് അഡ്മിനിസ്ട്രേറ്റർ ഗീതാകുമാരി അമ്മ, നീണ്ടകര കോസ്റ്റൽ പോലീസ് സ്റ്റേഷൻ എസ്. ഐ. ടി. എൽ സ്റ്റെപ്റ്റോ ജോൺ തുടങ്ങിയവർ പങ്കെടുത്തു.

## എം. എഡ്. കോഴ്സ്: അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം ഗവൺമെന്റ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ 202122 അധ്യയന വർഷത്തേക്കുള്ള രണ്ടു വർഷ എം.എഡ്. കോഴ്സിലേക്ക് പ്രവേശനം ആരംഭിച്ചു. അപേക്ഷാഫോറം കോളേജ് ഓഫീസിൽ നിന്നും രാവിലെ 10 മുതൽ ഉച്ചയ്ക്ക് 2 വരെ വിതരണം ചെയ്യുന്നതാണ്.

# കോവിഡ് മരണ വിവരം ഓൺലൈനായി അറിയാം

പ്രഖ്യാപിത കോവിഡ് മരണങ്ങളുടെ പട്ടികയും വിശദാംശവും അറിയാൻ രീശറ19.സല്യമഹമ.ഴീ.ശി/റലമവേശിളീ്യ സൈറ്റ് ഓപൺ ചെയ്ത് രീശറ19റലമവേശിളീ്യ പോർട്ടൽ സന്ദർശിക്കാം. വിവരങ്ങൾക്ക് മരണ തീയതിയും ജില്ലയും തിരഞ്ഞെടുത്ത് വേണം തിരയാൻ.

ഡിക്ലറേഷൻ രേഖയിലെ തിരുത്തലിന് അതാത് പഞ്ചായത്തിൽ നിന്ന് വൺ ആന്റ് സെയിം (ീില മിറ മൊല) സാക്ഷ്യപത്രം വാങ്ങിയിരിക്കണം. പേരു തിരുത്താൻ ആശുപത്രിയിലെ രേഖകളിൽ തിരുത്ത് വരുത്തുകയും വേണം.

ഇതിനായി അതാത് പഞ്ചായത്തിലെ ആരോഗ്യവകുപ്പ് സ്ഥാപനം വഴി ററ സേിഹഹമാ@ഴാമശഹ.രീ വിലാസത്തിൽ മെയിൽ അയക്കണം. നേരിട്ട് അപേക്ഷകൾ സ്വീകരിക്കില്ലെന്ന് ഡി.എം. ഒ അറിയിച്ചു.

## 'ഷീപാഡ്' പദ്ധതി: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ചു

വനിതാ വികസന കോർപ്പറേഷൻ 202122 അദ്ധ്യയന വർഷത്തെ ഷീ പാഡ് പദ്ധതി നടത്തിപ്പിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി ഒക്ടോബർ 31. കൂടുതൽ വിവരങ്ങൾക്ക്: www.k-sw-d-c.or-g, 0471 2454585/9072890806.

## അപേക്ഷ ക്ഷണിച്ചു

എഴുകോൺ സർക്കാർ പോളിടെക്നിക് കോളേജിൽ ആരംഭിക്കുന്ന തൊഴിലധിഷ്ഠിത കോഴ്സുകളായ ഓട്ടോകാഡ്, അലൂമിനിയം ഫേബ്രിക്കേഷൻ, ബ്യൂട്ടീഷൻ കോഴ്സ്, മൊബൈൽ ഫോൺ ടെക്നോളജി എന്നിവയിലേക്ക് അപേക്ഷിക്കാം. മൂന്ന് മാസമാണ് കോഴ്സ് കാലാവധി. അപേക്ഷാഫോം തുടർ വിദ്യാഭ്യാസ കേന്ദ്രത്തിന്റെ ഓഫീസിൽ നിന്നും നേരിട്ട് വാങ്ങാം. അവസാന തീയതി ഒക്ടോബർ 11. കൂടുതൽ വിവരങ്ങൾക്ക് : 9496846522.

# പോളിടെക്നിക് ഡിപ്ലോമ: രണ്ടാം സ്പോട്ട് അഡ്മിഷൻ

202122 അദ്ധ്യയന വർഷത്തിലെ പോളിടെക്നിക് ഡിപ്ലോമ രണ്ടാം വർഷത്തിലേയ്ക്ക് നേരിട്ടുള്ള ലാറ്ററൽ എൻട്രി പ്രവേശനത്തിന്റെ രണ്ടാം സ്പോട്ട് അഡ്മിഷൻ നാല് മുതൽ ഏഴ് വരെ അതതു സ്ഥാപനങ്ങളിൽ നടത്തും. അപേക്ഷകർ ംംം.ുീഹ്യമറാശ ൈശീി.ീൃഴ/ഹലേ എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഷെഡ്യൂളിൽ പ്രതിപാദിച്ചിരിക്കുന്ന സമയക്രമമനുസരിച്ച് സ്ഥാപനത്തിൽ നേരിട്ട് എത്തേണ്ടതാണ്. സ്പോട്ട് അഡ്മിഷനിൽ അപേക്ഷകന് ജില്ലയിലെ ഏത് സ്ഥാപനങ്ങളിലേയും ഏത് ബ്രാഞ്ചുകളിലേയ്ക്കും പുതിയ ഓപ്ഷനുകൾ നൽകാവുന്നതാണ്.

# പുനർവായ്പ നൽകുന്നതിനെതിരെ കർശന നടപടി: മന്ത്രി വി എൻ വാസവൻ

തിരുവനന്തപുരം: വായ്പാ തിരിച്ചടവ് മുടങ്ങുന്ന ഘട്ടത്തിൽ പലിശ കൂട്ടി വായ്പ പുതുക്കുന്ന പ്രവണത ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും ഇത്തരം രീതികൾ ഒഴിവാക്കുന്നതിന് കർശന നിലപാട് സ്വീകരിക്കുമെന്നും സഹകരണ മന്ത്രി വി എൻ വാസവൻ. പലിശ കൂട്ടി പുതുക്കുന്നതിലൂടെ ഇടപാടുകാർക്കാണ് കൂടുതൽ ബാധ്യത വരിക. വായ്പാ കുടിശിക തിരികെ അടയ്ക്കാൻ കഴിയാത്ത നിസഹായാവസ്ഥയിൽ ഇടപാടുകാർ ബാങ്കുകാർ മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശം അംഗീകരിക്കുകയാണ് പതിവെന്ന് മന്ത്രി നിയമസഭയിൽ പറഞ്ഞു. സഹകരണ സ്ഥാപനങ്ങളിലെ ഒറ്റത്തവണ തീർപ്പാക്കൽ ഒരു മാസം കൂടി നീട്ടിയിട്ടുണ്ട്. സഹകരണ മേഖലയിൽ ഈ സർക്കാർ കാലയളവിൽ 20,578 പേർക്കാണ് ജോലി നൽകിയത്. ഐടി, സിനിമ, ഡോക്യുമെന്ററി, നിർമ്മാണം, വ്യാപാരം തുടങ്ങിയ മേഖലകളിൽ യുവജനങ്ങൾക്കായി 29 സഹകരണ സംഘങ്ങൾ ആരംഭിച്ചിട്ടുണ്ട്. 25 യുവജന സഹകരണ സംഘങ്ങൾ ആരംഭിക്കാനായിരുന്നു തീരുമാനിച്ചിരുന്നത്. വിദ്യാതരംഗിണി പദ്ധതിയിൽ 86,270 പേർക്ക് 83,40,62,813 രൂപ വായ്പ നൽകി. കോവിഡ് സുരക്ഷ ഉപകരണങ്ങളായ പിപിഇ കിറ്റ്, സാനിറ്റൈസർ, മാസ്ക്, ഹാൻഡ് വാഷ് എന്നിവ ഉല്പാദിപ്പിക്കുന്ന 12 വനിത സംഘങ്ങൾക്കും രൂപം നൽകി. രണ്ട് ലക്ഷം ഓഹരിയും മൂന്ന് ലക്ഷം സബ്സിഡിയുമടക്കം അഞ്ച് ലക്ഷം രൂപ വച്ച് ഓരോ സഹകരണ സംഘത്തിനും സഹായമായി അനുവദിച്ചിട്ടുണ്ട്.കലാകാരന്മാരുടെ സഹകരണ സംഘം രൂപീകരിക്കുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചതായും മന്ത്രി പറഞ്ഞു. നാടകം,സംഗീതം, പ്രകടന കലകൾ, ചിത്ര രചന എന്നിവയുൾപ്പെടെ എല്ലാ കലാകാരന്മാരുടെയും സാമ്പത്തികവും സാമൂഹികവുമായ ഉന്നമനം ലക്ഷ്യമിട്ടാവും സംഘത്തിന്റെ പ്രവർത്തനം. കലാകാരന്മാർക്ക് സ്ഥിരം വേദി ഒരുക്കുന്നതിന് ഇത് സഹായകമാകുമെന്നും മന്ത്രി നിയമസഭയെ അറിയിച്ചു. കരുവന്നൂർ സർവീസ് സഹകരണ ബാങ്ക് തട്ടിപ്പിന്റെ പശ്ചാത്തലത്തിൽ സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാൻ സഹകരണ വിജിലൻസ്, സഹകരണ ഓഡിറ്റ് എന്നിവയിൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുമെന്ന് മന്ത്രി വി എൻ വാസവൻ നിയമസഭയെ അറിയിച്ചു. നിലവിൽ സഹകരണ രംഗത്തെ ആശാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിന് സഹകരണ നിയമ ഭേദഗതിക്കായി മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിയമഭേദഗതി ഈ സമ്മേളനത്തിൽ തന്നെ അവതരിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. സഹകരണ സംഘങ്ങളിലെ ഓഡിറ്റ് വിവരങ്ങൾ പൊതുജനങ്ങൾക്കു കൂടി അറിയാൻ കഴിയും വിധം സംവിധാനമേർപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു. ഇതിനായി ഓഡിറ്റ് മോണിറ്ററിങ് ആന്റ് ഇൻഫർമേഷൻ സിസ്റ്റം സിഡിറ്റിന്റെ സാങ്കേതിക സഹായത്തോടെ തയാറാക്കും. സഹകരണ നിയമം പരിഷ്കരിച്ചും വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തിയും അഴിമതി തടയും. സഹകരണ ഓഡിറ്റ് ഡയറക്ടർ തസ്തികയിൽ ഇന്ത്യൻ ഓഡിറ്റ് ആന്റ് അക്കൗണ്ട്സ് സർവീസിലെ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും മന്ത്രി പറഞ്ഞു.

മലപ്പുറം എ ആർ നഗർ സർവീസ് സഹകരണ ബാങ്കിൽ വ്യാപക ക്രമക്കേടുകൾ കണ്ടെത്തിയതായി മന്ത്രി വി എൻ വാസവൻ നിയമസഭയിൽ അറിയിച്ചു. ബാങ്കിൽ നടത്തിയ പരിശോധനയിൽ നിക്ഷേപങ്ങൾക്കുള്ള കെവൈസി മാനദണ്ഡങ്ങൾ പാലിച്ചില്ലെന്ന് കണ്ടെത്തി. 257 ഉപഭോക്തൃ ഐഡിയിൽ പെട്ടവർക്ക് ബാങ്കിൽ അംഗത്വമുള്ളതായും കാണുന്നില്ല.

മുൻ സെക്രട്ടറി വി കെ ഹരികുമാറിന് വ്യാജ എസ് ബി അക്കൗണ്ടുണ്ടായിരുന്നതായും ക്രമക്കേടുകൾ നടത്തിയതായും കണ്ടെത്തി.

ഒരാളുടെ പേരിൽ തന്നെ വിവിധ ഉപഭോക്തൃ ഐഡിയുള്ളതായും ഇതിലൂടെ വിവിധ അക്കൗണ്ടുകളിലൂടെ 2.66 കോടി രൂപ വായ്പയെടുത്തതായും ബാങ്കിലെ ജീവനക്കാരുടെ പേരിലും ബന്ധുക്കളുടെ പേരിലുമായി കോൾ ഡിപ്പോസിറ്റ് , സേവിങ്സ് അക്കൗണ്ട് എന്നിവയിൽ അനധികൃതമായി നിക്ഷേപങ്ങൾ നടത്തിയതായും കണ്ടെത്തി.

ബാങ്കിന്റെ പ്രവർത്തന പരിധിക്ക് പുറത്ത് നിയമാവലിക്ക് വിരുദ്ധമായും വായ്പ നൽകിയിട്ടുണ്ട്. വിവിധ ഉപഭോക്തൃ ഐഡികളിലെ വിലാസത്തിലും മുൻ സെക്രട്ടറി തിരുത്തലുകൾ വരുത്തിയെന്ന് കണ്ടെത്തിയതായും മന്ത്രി അറിയിച്ചു.

# സിൽവർ ലൈൻ റയിൽപാതയ്ക്കായി സമഗ്ര പരിസ്ഥിതി ആഘാത പഠനം നടത്തും

തിരുവനന്തപുരം: തിരുവനന്തപുരം കാസർകോട് സിൽവർ ലൈൻ റയിൽപാതയ്ക്കായി പരിസ്ഥിതി ആഘാതപഠനം നടത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയെ അറിയിച്ചു. കേരള റയിൽ ഡെവലപ്മെന്റ് കോർപറേഷനാണ് പഠനം നടത്തിയത്.

ഇതുമായി ബന്ധപ്പെട്ട് ഒരു ദ്രുത പരിസ്ഥിതി ആഘാതപഠനം തിരുവനന്തപുരത്തെ സെന്റർ ഫോർ എൻവയോൺമെന്റ് മുഖേനയും നടത്തി. ഇതിന്റെ റിപ്പോർട്ട് കെ റയിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ സമഗ്രമായ ഒരു പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. ഭൂമി ഏറ്റെടുക്കലിന്റെ പ്രാരംഭപ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹ്യ ആഘാതപഠനം നടത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു.



പോലീസ് കോൺസ്റ്റബിൾ (ടെലികമ്മ്യൂണിക്കേഷൻ) പാസിംഗ് ഔട്ട് പരേഡിൽ മുഖ്യമന്ത്രി പിണറായി വിജയൻ അഭിവാദ്യം സ്വീകരിക്കുന്നു.

# ലഖിംപുർ സംഭവം: മകനെതിരെ തെളിവുണ്ടെങ്കിൽ രാജിവയ്ക്കുമെന്ന് കേന്ദ്രമന്ത്രി

ന്യൂഡൽഹി: ഉത്തർപ്രദേശിലെ ലഖിംപുർ ഖേഡിയിൽ കർഷകരെ കാർ കയറ്റി കൊലപ്പെടുത്തിയ സംഭവത്തിൽ ആരോപണവിധേയനായ ആശിഷ് മിശ്രയ്ക്കെതിരേ തെളിവുണ്ടെങ്കിൽ കേന്ദ്രമന്ത്രിസ്ഥാനം രാജിവയ്ക്കുമെന്ന് ആശിഷിൻറെ അച്ഛനും കേന്ദ്ര ആഭ്യന്തര സഹമന്ത്രിയുമായ അജയ് മിശ്ര.

ലഖിംപുർ ഖേരിയിൽ സംഭവം നടന്ന സ്ഥലത്ത് മകനുണ്ടായിരുന്നുവെന്നതിന് എന്തെങ്കിലും തെളിവുണ്ടെങ്കിൽ മന്ത്രിസ്ഥാനം രാജിവയ്ക്കും. മകനെതിരെ തെളിവിൻറെ കണികയെങ്കിലുമുണ്ടെങ്കിൽ സ്ഥാനമൊഴിയാൻ തയാറാണെന്നും അജയ് മിശ്ര ഇന്ത്യാ ടുഡേയോട് പറഞ്ഞു. സംഭവം നടക്കുമ്പോൾ താനും മകനും അവിടെ ഉണ്ടായിരുന്നില്ലെന്ന് അദ്ദേഹം നേരത്തെ പ്രതികരിച്ചിരുന്നു.

ഞായറാഴ്ചയുണ്ടായ സംഘർഷത്തിൽ പ്രാദേശിക മാധ്യമപ്രവർത്തകൻ രാം കശ്യപ് അടക്കം ഒമ്പത് പേർ കൊല്ലപ്പെട്ടിരുന്നു. സംഭവത്തിൽ ആശിഷ് മിശ്ര ഉൾപ്പെടെ 13 പേർക്കെതിരേ പോലീസ് കൊലക്കുറ്റം ചുമത്തി കേസ് രജിസ്റ്റർ ചെയ്തിരുന്നു. കൊലപാതകം, ക്രിമിനൽ ഗൂഢാലോചന, കലാപം തുടങ്ങിയ കുറ്റങ്ങളാണ് ഇവർക്കെതിരേ ചുമത്തിയിട്ടുള്ളത്.

ഉത്തർപ്രദേശ് ഉപമുഖ്യമന്ത്രി കേശവ് പ്രസാദ് മൗര്യയുടെ സന്ദർശനവുമായി ബന്ധപ്പെട്ടു നടന്ന പ്രതിഷേധത്തിനിടെ ഉണ്ടായ സംഘർഷത്തിനിടെയാണ് ഞായറാഴ്ച കർഷകർ അടക്കം കൊല്ലപ്പെട്ടത്. സമരക്കാർക്കിടയിലേക്ക് വാഹനവ്യൂഹം ഇടിച്ചു കയറിയതിനെത്തുടർന്നാണ് സംഘർഷം ഉണ്ടായത്.

ഇതിനിടെ കർഷക പ്രതിഷേധത്തിനിടെ മുദ്രാവാക്യം വിളിച്ചു നീങ്ങുന്ന സമരക്കാർക്കുമേൽ വാഹനം ഓടിച്ചു കയറ്റുന്നതിൻറെ വീഡിയോ ദൃശ്യങ്ങൾ സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്. കോൺഗ്രസാണ് വീഡിയോ പുറത്തുവിട്ടത്. എന്നാൽ വീഡിയോ ദൃശ്യങ്ങളുടെ ആധികാരികത പോലീസ് ഇതുവരെ സ്ഥിരീകരിച്ചിട്ടില്ല.

സംഘർഷ സ്ഥലത്തും പരിസരജില്ലകളിലും പോലീസ് 144 പ്രഖ്യാപിച്ചിരിക്കുകയാണ്. പലയിടത്തും മൊബൈൽ, ഇൻറർനെറ്റ് സേവനങ്ങൾ റദ്ദാക്കി.

# അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി കരാർ ജീവനക്കാരുടെ ശമ്പള നിരക്ക് പുതുക്കി

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാർക്ക് ശമ്പളം പരിഷ്കരിക്കാൻ തീരുമാനിച്ചതായി തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ അറിയിച്ചു. നേരത്തെ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചിരുന്നു. അതിന്റെ തുടർച്ചയായാണ് ഇപ്പോഴത്തെ പരിഷ്കരണമെന്ന് മന്ത്രി വ്യക്തമാക്കി.

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിലുള്ള അക്രഡിറ്റഡ് ഓവർസിയർ തസ്തിക, എ.യു.ഇ.ജി.എസ് ഓവർസിയർ എന്നും ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക അക്കൗണ്ടന്റ് കം ഐ ടി അസിസ്റ്റന്റ് എന്നും പരിഷ്കരിക്കാനും തീരുമാനിച്ചു. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലുള്ള കരാർ ജീവനക്കാർക്ക് വേതന വർധനവ് അനുവദിച്ച തീയതി മുതൽ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാർക്കും വേതന വർധനവ് പ്രാബല്യത്തിൽ വരുമെന്ന് മന്ത്രി അറിയിച്ചു.

# യുകെയിൽ ക്വാറൻറൈൻ കടുപ്പം; കോമൺവെൽത്തിൽ നിന്ന് ഇന്ത്യൻ ഹോക്കി ടീമുകൾ പിൻമാറി

ലണ്ടൻ: അടുത്ത വർഷം ഇംഗ്ലണ്ടിൽ നടക്കാനിരിക്കുന്ന കോമൺവെൽത്ത് ഗെയിംസിൽ നിന്ന് ഇന്ത്യയുടെ പുരുഷ, വനിതാ ടീമുകൾ പിൻമാറി. ചൊവ്വാഴ്ച ഹോക്കി ഇന്ത്യയും ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനും അറിയിച്ചതാണ് ഇക്കാര്യം.

യുകെ സർക്കാരിൻറെ പത്ത് ദിവസത്തെ നിർബന്ധിത ക്വാറൻറൈൻ അടക്കമുള്ള മാനദണ്ഡങ്ങൾ കാരണമാണ് പിൻമാറ്റമെന്ന് ഹോക്കി അസോസിയേഷൻ ട്വീറ്റ് ചെയ്തു. രണ്ട് ഡോസ് വാക്സിൻ എടുത്തവരും ക്വാറൈനിൽ കഴിയേണ്ടി വരുന്നത് നിർഭാഗ്യകരമാണെന്ന് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡൻറ് നരിന്ദർ ബത്ര പ്രതികരിച്ചു.

ഏഷ്യൻ ഗെയിംസിൽ ശ്രദ്ധ കേന്ദ്രീകരിക്കാനാണ് ഇന്ത്യൻ ടീമിൻറെ പിന്മാറ്റമെന്നും റിപ്പോർട്ടുകളുണ്ട്. ഏഷ്യൻ ഗെയിംസ് ജേതാക്കൾക്ക് 2024ലെ പാരിസ് ഒളിമ്പിക്സിലേക്ക് നേരിട്ട് യോഗ്യത ലഭിക്കും. 2022 ജൂലൈ 28 മുതൽ ഓഗസ്റ്റ് എട്ടു വരെ ബർമിംഗാമിൽ വെച്ചാണ് കോമൺവെൽത്ത് ഗെയിംസ് നടക്കുക.

കോമൺവെൽത്ത് ഗെയിംസിന് ശേഷം 32 ദിവസത്തെ സമയം മാത്രമാണ് ഏഷ്യൻ ഗെയിംസിന് ഒരുങ്ങാൻ കിട്ടുന്നത്. 2022 സെപ്റ്റംബർ പത്തിനാണ് ഏഷ്യൻ ഗെയിംസ് ആരംഭിക്കുന്നത്.

## ഒക്ടോബർ 31വരെ ലഹരിവിരുദ്ധ ബോധവത്കരണം

ഗാന്ധിജയന്തി ആഘോഷത്തോടനുബന്ധിച്ചുള്ള ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ (ഒക്ടോബർ 2) രാവിലെ 10ന് ഇൻസ്റ്റിറ്റിയൂഷൻ ഓഫ് എൻജിനിയേഴ്സ് ഹാളിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻമാസ്റ്റർ നിർവഹിക്കും. ഗതാഗത മന്ത്രി ആന്റണി രാജു അധ്യക്ഷത വഹിക്കും.

സംസ്ഥാന ലഹരിവർജ്ജന മിഷൻ വിമുക്തിയുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി ഒരു മാസം നീണ്ടുനിൽക്കുന്ന ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കും. അംഗീകൃത റസിഡന്റ്സ് അസോസിയേഷനുകളുടെ സഹകരണത്തോടുകൂടി സൈക്കിൾറാലി, ക്വിസ് മൽസരം, ഓൺലൈൻ ബോധവൽക്കണ ക്ലാസ് എന്നീ പരിപാടികൾ നടത്തും. ജില്ലകളിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെയും ജില്ലാ വിമുക്തി മാനേജരുടെയും നേതൃത്വത്തിൽ ഒക്ടോബർ 2 മുതൽ 31 വരെയുള്ള കാലയളവിലാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്.

# കോവിഡ് പ്രതിരോധം: സമഗ്ര സർവെ നടത്തും

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി പത്തനാപുരം ഗ്രാമപഞ്ചായത്തിൽ സമഗ്ര കോവിഡ് സർവേ നടത്താൻ പഞ്ചായത്ത്തല യോഗത്തിൽ തീരുമാനമായി.

ഒക്ടോബർ ഒന്നിന് ആശാവർക്കർമാരുടെയും കുടുംബശ്രീ അംഗങ്ങളുടേയും നേതൃത്വത്തിൽ വാർഡ്തല സർവെ തുടങ്ങും. വീടുകളിലെത്തി വാക്സിൻ എടുത്തവരുടെയും കോവിഡ് ബാധിതരായവരുടെയും വിവരങ്ങളെല്ലാം രേഖപ്പെടുത്തും. അന്യസംസ്ഥാനത്ത് ഉള്ളവരുടെയും വിദേശത്തുള്ളവരുടെയും വിവരങ്ങളും ശേഖരിക്കും. ഒരാഴ്ചയ്ക്കകം സർവെ പൂർത്തീകരിച്ച് ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുമെന്ന് പ്രസിഡന്റ് എസ്. തുളസി പറഞ്ഞു.

മേലില ഗ്രാമ പഞ്ചായത്ത് സമ്പൂർണ വാക്സിനേഷനിലേക്ക്. ഒന്നാം ഡോസ് വാക്സിനേഷനും പാലിയേറ്റീവ് വിഭാഗത്തിൽപ്പെട്ടവരുടെ വാക്സിനേഷനും 100 ശതമാനം പൂർത്തിയായി.

വില്ലൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ വീടുകളിലെത്തിയാണ് ഈ വിഭാഗക്കാർക്ക് വാക്സിനേഷൻ നൽകിയത്. രണ്ടാം ഡോസ് വാക്സിനേഷൻ 98 ശതമാനം പൂർത്തിയായി. കോവിഡ് പോസിറ്റീവായി കഴിയുന്നവരും മറ്റ് ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവരും മാത്രമാണ് ഇനി വാക്സിൻ സ്വീകരിക്കാൻ ഉള്ളതെന്ന് പഞ്ചായത്ത് പ്രസിഡന്റ് എ. താര പറഞ്ഞു.

അഞ്ചൽ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ അഞ്ചൽ സി.എച്ച്.സി, ഏറം സബ് സെന്റർ, അഗസ്ത്യക്കോട് സർക്കാർ എൽ.പി സ്കൂൾ എന്നിവിടങ്ങളിൽ മെഗാ വാക്സിനേഷൻ ക്യാമ്പ് സംഘടിപ്പിച്ചു. 18 വയസിന് മുകളിലുള്ളവർക്ക് സ്പോട്ട് രജിസ്ട്രേഷൻ മുഖേന കോവിഷീൽഡ് ആദ്യ ഡോസ് വാക്സിനാണ് നൽകിയത്. പാലിയേറ്റീവ് രോഗികൾക്ക് വീടുകളിലെത്തി വാക്സിൻ നൽകി വരുന്നു. 80 ശതമാനത്തോളം ആദ്യ ഡോസ് വാക്സിനേഷൻ പൂർത്തീകരിച്ചതായി പ്രസിഡന്റ് എസ്.ബൈജു പറഞ്ഞു. അഞ്ചൽ ഈസ്റ്റ് സർക്കാർ ഹയർ സെക്കൻഡറി സ്കൂളിൽ പ്രവർത്തിക്കുന്ന സി.എഫ്. എൽ.ടി.സിയിൽ 35 രോഗികൾ ചികിത്സയിലുണ്ട്.

# കോവിഡ് പ്രതിരോധം:പത്തനാപുരം ഗ്രാമപഞ്ചായത്തിൽ സർവ്വേതുടങ്ങി

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി പത്തനാപുരം ഗ്രാമപഞ്ചായത്തിൽ സമഗ്ര കോവിഡ് സർവേ തുടങ്ങി. ഒക്ടോബർ 10ന് അവസാനിക്കും എന്ന് പ്രസിഡന്റ് എസ്. തുളസി പറഞ്ഞു. മെഡിക്കൽ ഓഫീസർ തയ്യാറാക്കിയ മാനദണ്ഡപ്രകാരം ആണ് വിവരങ്ങൾ രേഖപ്പെടുത്തുന്നത്.

പൂയപ്പള്ളി ഗ്രാമപഞ്ചായത്തിലെ മരുതമൺപള്ളി കുടുംബരോഗ്യ കേന്ദ്രത്തിൽ കോവിഡ് വാക്സിനേഷൻ ക്യാമ്പ് നടന്നു. പാലിയേറ്റിവ് രോഗികളുടെ വാക്സിനേഷൻ 100 ശതമാനം പൂർത്തിയായതായി പ്രസിഡന്റ് ജെസ്സി റോയ് പറഞ്ഞു.

ചവറ ബ്ളോക്ക് പഞ്ചായത്ത് പരിധിയിൽ 96 ശതമാനത്തോളം പേർക്കും ആദ്യ ഡോസ് വാക്സിൻ നൽകിയതായി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സന്തോഷ് തുപ്പാശ്ശേരി പറഞ്ഞു.

പാലിയേറ്റീവ് രോഗികളുടെ വാക്സിനേഷൻ പൂർത്തിയായി.

# ഭാസുര: ഗോത്രവർഗ വനിതാ ഭക്ഷ്യഭദ്രതാ കൂട്ടായ്മ

ഗോത്രവർഗ മേഖലയിൽ ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിനും ഭക്ഷണാവകാശങ്ങളെക്കുറിച്ച് ഗോത്രവർഗ ജനതയെ ബോധവത്കരിക്കുന്നതിനുമായി സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ഗോത്രവർഗ വനിതാ ഭക്ഷ്യ ഭദ്രത കൂട്ടായ്മയ്ക്ക് രൂപം നൽകും.

ആദ്യഘട്ടത്തിൽ സംസ്ഥാന വ്യാപകമായി 360 കൂട്ടായ്മകളാണ് രൂപീകരിക്കുന്നത്. സംസ്ഥാനതല ഉദ്ഘാടനം നാളെ (ഒക്ടോബർ 2) നടക്കും.

വയനാട് ജില്ലയിലെ നൂൽപ്പുഴ പഞ്ചായത്തിലെ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ രാവിലെ 11ന് പട്ടിക ജാതി പട്ടിക വർഗ വികസന, ദേവസ്വം വകുപ്പ് മന്ത്രി കെ രാധാകൃഷ്ണൻ ഓൺലൈനിൽ ഉദ്ഘാടനം നിർവഹിക്കും. ആരോഗ്യവനിതാ ശിശുക്ഷേമ മന്ത്രി വീണാ ജോർജ് മുഖ്യപ്രഭാഷണം നടത്തും. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ മുഖ്യാതിഥി ആയിരിക്കും. ഭാസുര അവകാശരേഖാ കൈമാറ്റം ഐ സി ബാലകൃഷ്ണൻ എം.എൽ.എ നിർവഹിക്കും.

ആറായിരത്തിലധികം പേർ കോവിഡ് മുക്തരായത് ഒറ്റ കേന്ദ്രത്തിൽ

ജില്ലയിൽ കോവിഡ് ബാധിതരായി പ്രവേശിപ്പിക്കപ്പെട്ട് 6414 പേർ രോഗമുക്തരായത് ഹോക്കി സ്റ്റേഡിയത്തിലെ ദ്വിതീയ ചികിത്സാ കേന്ദ്രത്തിൽ. പ്രാഥമിക ചികിത്സാ കേന്ദ്രമായി തുടങ്ങിയ ഇവിടെ വിപുല സൗകര്യങ്ങൾ ഒരുക്കിയാണ് വിദഗ്ധ സേവന സജ്ജമാക്കിയത്. ഗുരുതര നിലയിൽ കഴിഞ്ഞവരിൽ ഭൂരിഭാഗവും രോഗം ഭേദമായി മടങ്ങുകയായിരുന്നു. നോഡൽ ഓഫീസർ ഡോ. ബാബുലാലിന്റെ നേതൃത്വത്തിൽ മറ്റു ആറ് ഡോക്ടർമാരും 24 നഴ്സുമാർ, ഓക്സിജൻ വിഭാഗത്തിൽ 11 പേരുമാണ് ഇവിടെയുള്ളത്. മികച്ച സേവനം തുടർന്നും ലഭ്യമാക്കാൻ കേന്ദ്രം സുസജ്ജമാണെന്ന് ഡി. എം. ഒ ഡോ. ആർ. ശ്രീലത അറിയിച്ചു.

## പാലായിൽ യുവതിയുടെ കൊലപാതകം; യുവജന കമ്മീഷൻ സ്വമേധയാ കേസെടുത്തു

പാലായിൽ പെൺകുട്ടിയെ കഴുത്തറുത്ത് കൊന്ന സംഭവത്തിൽ യുവജന കമ്മീഷൻ സ്വമേധയാ കേസെടുത്തു. സംഭവത്തിൻമേൽ കോട്ടയം ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് കമ്മീഷൻ തേടിയിട്ടുണ്ട്. യുവജനങ്ങൾക്ക് ഇടയിലെ ഇത്തരം പ്രവണതകളെ ഗൗരവമായാണ് കാണുന്നത്. ഒരാളെ ഇഷ്ടപ്പെടുന്നതും ഇഷ്ടപ്പെടാതിരിക്കുന്നതും വ്യക്തിപരമായ കാര്യങ്ങളാണ്. പ്രണയ നൈരാശ്യം കൊലപാതകത്തിലേക്ക് നയിക്കുന്നത് അത്യന്തം അപകടകരമാണ്. ഇത്തരം പ്രവണതകളെ തടയുന്നതിന് സംസ്ഥാന വ്യാപകമായി ക്യാമ്പയിനുകൾ സംഘടിപ്പിക്കുമെന്നും നിലവിൽ സംഘടിപ്പിച്ച് വരുന്ന ക്യാമ്പയിനുകൾ കോളേജുകളിലേക്കും സ്കൂളുകളിലേക്കും വ്യാപിപ്പിക്കുമെന്നും യുവജന കമ്മീഷൻ അധ്യക്ഷ ഡോ. ചിന്താ ജെറോം പറഞ്ഞു.

## വ്യവസായ വകുപ്പിലെ നിയമനങ്ങൾക്ക് റിക്രൂട്ട്മെന്റ് ബോർഡ്

തിരുവനന്തപുരം: വ്യവസായ വകുപ്പിലെ സ്ഥിര നിയമനങ്ങൾക്കായുള്ള പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡ് നവംബറോടെ നിലവിൽ വരുമെന്ന് മന്ത്രി പി രാജീവ് നിയമസഭയിൽ അറിയിച്ചു. ബോർഡ് രൂപീകരിക്കുന്നതിന്റെ കരട് മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കും. നേരത്തെ വകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും നിയമനങ്ങൾ നേരിട്ടും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരവുമായിരുന്നു നടന്നിരുന്നത്.

മാനേജിങ് ഡയറക്ടർമാരുടെ നിയമനത്തിനായി റിട്ട. ഹൈക്കോടതി ജഡ്ജിയുടെ നേതൃത്വത്തിലുള്ള സംഘത്തെ നിയോഗിച്ചിട്ടുണ്ട്. ഇവരുടെ നിയമനങ്ങൾക്ക് യോഗ്യത നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. താൽക്കാലിക നിയമനങ്ങൾക്ക് വ്യവസ്ഥ നിശ്ചയിച്ചിട്ടുണ്ട്. കരാർ നൽകുമ്പോൾ തന്നെ കാലാവധി നിശ്ചയിക്കാൻ സ്ഥാപന മേധാവിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ തൊഴിലവസരങ്ങൾ ഓൺലൈൻ സംവിധാനം വഴി പ്രദർശിപ്പിക്കുന്നത് പരിഗണനയിലാണെന്നും മന്ത്രി വ്യക്തമാക്കി.

## ഗാന്ധിജയന്തി ക്വിസ് മത്സരം

152ാം ഗാന്ധിജയന്തിയോടനുബന്ധിച്ച് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് 'ഗാന്ധിജിയും ഖാദിയും സ്വാതന്ത്ര്യസമരവും' എന്ന വിഷയത്തിൽ ഗാന്ധിജയന്തി ക്വിസ് സംഘടിപ്പിക്കും. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾക്ക് സ്കൂൾ അടിസ്ഥാനത്തിൽ ഒരാൾക്ക് പങ്കെടുക്കാം. 10,000, 7,500, 5,000 എന്നിങ്ങനെ ക, കക, കകക സ്ഥാനക്കാർക്ക് സമ്മാനം നൽകും. ഒക്ടോബർ 10ന് മുൻപായി രജിസ്റ്റർ ചെയ്യണം. വിശദവിവരങ്ങൾ www.k-kv-i-b.or-g ഇമെയിൽ: se-cr-e-tary@k-kv-i-b.or-g ൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: 9946698961.

## ഇഎഫ്.എം.എസ് കൺസൾട്ടന്റ് കരാർ നിയമനം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന മിഷൻ ഓഫീസിൽ ഇഎഫ്.എം.എസ് കൺസൾട്ടന്റ് എന്ന തസ്തികയിൽ (ഒരു ഒഴിവ്) കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് 04712313385, 0471 2314385 എന്നീ ഫോൺ നമ്പറുകളിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ പകൽ 10 മുതൽ 5 വരെ ബന്ധപ്പെടണം. വിശദവിവരങ്ങൾക്ക് ംംം.ിൃലഴമ.സലൃമഹമ.ഴീ.ശി എന്ന വെബ്സൈറ്റ് സന്ദർശിക്കാം.

## പ്രിന്റിംഗ് ടെക്നോളജി പരീക്ഷാ നോട്ടിഫിക്കേഷൻ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന പ്രിന്റിംഗ് ടെക്നോളജി ആഗസ്റ്റ് 2021 പരീക്ഷാ നോട്ടിഫിക്കേഷൻ www.te-k-er-a-l-a.or-g എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നേരിട്ട് നടത്തുന്നതോ/ അംഗീകാരമുള്ളതോ ആയ സ്ഥാപനങ്ങളിൽ പ്രിന്റിംഗ് ടെക്നോളജി വിഭാഗത്തിൽപ്പെട്ട വിഷയങ്ങളിൽ പഠനം പൂർത്തിയാക്കിയവർക്കോ കെ.ജി.റ്റി.ഇ ലോവർ പരീക്ഷ പാസായ അഞ്ച് വർഷം കുറയാതെ പ്രവൃത്തിപരിചയമുള്ളവർക്കും അപേക്ഷ നൽകാം. വെബ്സൈറ്റിൽ ലഭ്യമാണ്.

## റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചു

ഇളമാട് സർക്കാർ ഐ.ടി.ഐയിൽ 2021 22 അധ്യയന വർഷത്തിലെ പ്ലംബർ, കമ്പ്യൂട്ടർ ഹാർഡ്വെയർ ആൻഡ് നെറ്റ്വർക്ക് മെയിന്റനൻസ് ട്രേഡുകളിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. റാങ്ക് ലിസ്റ്റ് www.i-ti-e-l-am-a-du.k-er-a-l-a.gov.in വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0474 2671715.

# സ്ക്വാഡ് പരിശോധന : എട്ട് കേസുകൾക്ക് പിഴ

കോവിഡ് മാനദണ്ഡ ലംഘനങ്ങൾ കണ്ടെത്തുന്നതിനായി നടത്തുന്ന താലൂക്കുതല സ്ക്വാഡ് പരിശോധനയിൽ എട്ട് കേസുകൾക്ക് പിഴ ചുമത്തി.

കരുനാഗപ്പള്ളി, ആലപ്പാട്, ചവറ, ക്ലാപ്പന, കെ. എസ്. പുരം, നീണ്ടകര, ഓച്ചിറ, പന, തഴവ, തേവലക്കര, തൊടിയൂർ, തെക്കുംഭാഗം എന്നിവിടങ്ങളിൽ മൂന്ന് കേസുകളിൽ പിഴയീടാക്കി. 37 കേസുകളിൽ താക്കീത് നൽകി.

ചടയമംഗലം,കരീപ്ര,ഇട്ടിവ,കടയ്ക്കൽ,കൊട്ടാരക്കര,കുളക്കട,കുമ്മിൾ,നിലമേൽ,വെളിനല്ലൂർ എന്നിവിടങ്ങളിൽ മൂന്ന് കേസുകളിൽ പിഴ ഈടാക്കി. 108 കേസുകൾക്ക് താക്കീത് നൽകി.

കുന്നത്തൂരിൽ രണ്ട് കേസുകൾക്ക് പിഴ ഈടാക്കുകയും 28 കേസുകൾക്ക് താക്കീതും നൽകി. പുനലൂരിൽ അഞ്ചൽ, അലയമൺ, കുളത്തൂപ്പുഴ പ്രദേശങ്ങളിൽ ഒൻപത് കേസുകളിൽ താക്കീത് നൽകി. പത്തനാപുരം, പിടവൂർ എന്നിവിടങ്ങളിൽ 11 കേസുകൾക്ക് താക്കീത് നൽകി. കൊല്ലത്ത് നെടുമ്പന, പൂതക്കുളം എന്നിവിടങ്ങളിൽ നടന്ന പരിശോധനയിൽ 43 കേസുകളിൽ താക്കീത് നൽകി.



കേരള വനിതാ കമ്മീഷന്റെ മാധ്യമ പുരസ്കാരം മന്ത്രി വീണാജോർജ് വിതരണം ചെയ്യുന്നു

NAUTICAL TIMES KERALA Thiruvananthapuram RNI.Reg,No. KERBIL/2018/77391 2021 OCTOBER 6 WEDNESDAY


# നിയമസഭാവലോകനം

തിരുവനന്തപുരം: തട്ടിപ്പുകാരനായ മോൻസൻ മാവുങ്കലിനു പോലീസ് ഉന്നതരുമായുള്ള ബന്ധമാണു പ്രതിപക്ഷത്തിൻറെ വിഷയം. മുൻ ഡിജിപി ലോക്നാഥ് ബെഹ്റ മുതൽ ഇങ്ങോട്ടുള്ള പോലീസ് ഉദ്യോഗസ്ഥരും മോൻസനുമായുള്ള ബന്ധത്തിൻറെ കഥകൾ പി.ടി. തോമസ് നന്നായി വർണിച്ചു.

മുഖ്യമന്ത്രി പിണറായി വിജയൻ കഥയുടെ മറ്റൊരു വശത്തിനാണ് ഊന്നൽ കൊടുത്തത്. വളരെ പ്രധാനപ്പെട്ട ഒരാളുടെ സാന്നിധ്യത്തിൽ പണം കൈമാറിയിട്ടുണ്ടെന്നും ആ വ്യക്തിയുടെ പേരു വച്ചു പരാതി ലഭിച്ചിട്ടുണ്ട് എന്നുമായിരുന്നു മുഖ്യമന്ത്രി പറഞ്ഞത്. ആ ഉന്നതൻ മുഖ്യമന്ത്രിക്കു വളരെ 'പ്രിയപ്പെട്ട' ആളായ കെ. സുധാകരനാകുന്പോൾ ഭരണപക്ഷത്തിരിക്കുന്നവർക്കും ആവേശം കയറാതിരിക്കില്ലല്ലോ.

മോൻസൻ മാവുങ്കലിൻറെ തട്ടിപ്പുകളുടെ പേരിൽ അടിയന്തരപ്രമേയത്തിനു നോട്ടീസ് നൽകുന്പൊഴേ കഥയുടെ ഈ ട്വിസ്റ്റ് പ്രതിപക്ഷം പ്രതീക്ഷിച്ചിരുന്നു. പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻറെ വാക്കൗട്ട് പ്രസംഗം കേട്ടപ്പോൾ അതു വ്യക്തമായി. കോസ്മെറ്റിക് ചികിത്സയ്ക്കു പോകുന്നതു കുറ്റമൊന്നുമല്ല. പലരും പോകാറുള്ളതാണ്.

രാഷ്ട്രീയ വൈരാഗ്യത്തിൻറെ പേരിൽ ആരെയെങ്കിലും അപകീർത്തിപ്പെടുത്താൻ ശ്രമിക്കാനാണെങ്കിൽ എന്തും പറയാം. ഇപ്പോൾ കിട്ടിയത് ഉപയോഗിച്ചുകളയാമെന്നാണെങ്കിൽ ആയിക്കോ. ഞങ്ങൾ അതു രാഷ്ട്രീയമായി നേരിട്ടു കൊള്ളാം. മുഖ്യമന്ത്രിയോടായി സതീശൻ പറഞ്ഞു.



ലോക്നാഥ് ബെഹ്റയുടെ ശന്പളം ലക്ഷങ്ങളായി കൂട്ടിക്കൊണ്ട് കഴിഞ്ഞ മൂന്നാം തീയതി സർക്കാർ ഉത്തരവിറക്കിയിരിക്കുകയാണെന്നു പി.ടി. തോമസ് ചൂണ്ടിക്കാട്ടി. അയാളെ പിടിച്ചു പുറത്താക്കുകയാണു വേണ്ടത്. പിണറായി വിജയൻ കരുത്തനായ ഭരണാധികാരിയാണെന്നു കേൾക്കുന്നതു ഞങ്ങൾക്കു സന്തോഷമാണ്. അങ്ങു കൈകൊണ്ട് ഒരു ആംഗ്യം കാട്ടിയപ്പോൾ ഞങ്ങളുടെ സുധാകരൻ പേടിച്ചു പോയി. ആ കൈ കൊണ്ട് ബെഹ്റയെ പുറത്താക്കാനുള്ള ഒപ്പിടാൻ ധൈര്യം കാണിക്കുമോ എന്നു തോമസ് ചോദിച്ചു.

സുധാകരൻറെ കാര്യം ഒഴിവാക്കിയാൽ മോൻസൻ വിഷയത്തിൽ മുഖ്യമന്ത്രിക്കു വലിയ ആശങ്കയൊന്നുമില്ല. പോലീസ് എല്ലാം അന്വേഷിക്കുന്നുണ്ട്. അതു ധാരാളം. അന്വേഷണത്തിൽ എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ അതും പരിഹരിക്കും. പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തു വീഴ്ച ഉണ്ടായാൽ ഒരു ദാക്ഷിണ്യവുമില്ലാതെ നടപടിയുണ്ടാകുമെന്നു കൂടി മുഖ്യമന്ത്രി പറഞ്ഞാൽ പിന്നെ സഭ നിർത്തി വച്ചുള്ള ചർച്ചയ്ക്കു പ്രസക്തി ഇല്ലല്ലോ. പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ഊന്നൽ നൽകിയത് പോലീസിൻറെ വീഴ്ചയിലാണ്. രണ്ടേകാൽ വർഷം മുന്പ് ഇൻറലിജൻസ് എഡിജിപി മുന്നറിയിപ്പു നൽകിയിട്ടും കഴിഞ്ഞ സെപ്റ്റംബർ ആറിനു പരാതി കിട്ടുന്നതു വരെ പോലീസ് എന്തു ചെയ്യുകയായിരുന്നു എന്നു സതീശൻ ചോദിച്ചു. 2020 ജനുവരിയിൽ ഇൻറലിജൻസ് വിശദമായ റിപ്പോർട്ട് നൽകി.

പത്താം ക്ലാസ് വിദ്യാഭ്യാസം മാത്രമേ ഉള്ളു എന്നും അന്താരാഷ്ട്ര തട്ടിപ്പുകാരനാണെന്നുമെല്ലാം ഇൻറലിജൻസ് റിപ്പോർട്ടിലുണ്ടായിരുന്നു. ഇയാൾ തട്ടിപ്പുകാരനാണെന്നറിഞ്ഞതിനു ശേഷമാണു പോലീസ് സംരക്ഷണം നൽകിയത്. തട്ടിപ്പുകാരനാണെന്നറിഞ്ഞു കൊണ്ട് ഇയാളുടെ അടുത്തു പോയ പോലീസ് ഉദ്യോഗസ്ഥർക്കെതിരേ നടപടിയെടുക്കണ്ടേ എന്നു സതീശൻ ചോദിച്ചു. അവർ തലപ്പത്തിരിക്കുന്പോൾ താഴെയുള്ള ഉദ്യോഗസ്ഥർ എങ്ങനെ സത്യസന്ധമായി അന്വേഷിക്കുമെന്നും സതീശൻ ചോദിച്ചു.

ധനകാര്യ വിഷയത്തിലായിരുന്നു ഇന്നലെ നിയമനിർമാണം. ചരക്കു സേവന നികുതി ഭേദഗതിയും വിൽപന നികുതി ഭേദഗതിയും ധന ഉത്തരവാദ നിയമ ഭേദഗതിയും സഭയുടെ പരിഗണനയ്ക്കു വന്നു. നാളുകൾക്കു മുന്പേ ഓർഡിനൻസിലൂടെ നിയമമായി കഴിഞ്ഞ കാര്യങ്ങളിൽ ഇനി ചർച്ച ചെയ്തിട്ട് എന്തു കിട്ടാൻ എന്നായിരുന്നു പ്രതിപക്ഷത്തിൻറെ ചോദ്യം. പല ഓർഡിനൻസുകളും ഏഴും എട്ടും തവണ പുനർ വിജ്ഞാപനം ചെയ്തതാണ്.

കേരളത്തിൽ ഓർഡിനൻസ് രാജ് ആണെന്നു രമേശ് ചെന്നിത്തല ആരോപിച്ചപ്പോൾ കോവിഡിൻറെ പ്രത്യേക പശ്ചാത്തലത്തിൽ നിയമസഭ സമ്മേളിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടായിരുന്നു എന്നു കെ.എൻ. ബാലഗോപാൽ ഓർമിപ്പിച്ചു. രാജ്യത്ത് ഏറ്റവും കൂടുതൽ ദിവസം സഭ സമ്മേളിക്കുന്നതു കേരളത്തിലാണെന്നും ബാലഗോപാൽ ചൂണ്ടിക്കാട്ടി.

ബില്ലിനു നിരാകരണ പ്രമേയം അവതരിപ്പിച്ച രമേശ് ചെന്നിത്തല മുൻ ധനമന്ത്രി ഡോ. തോമസ് ഐസക്കിനെയാണു ലക്ഷ്യം വച്ചത്. ജിഎസ്ടി നടപ്പിലാക്കുന്നതിനെ അങ്ങേയറ്റം സ്വാഗതം ചെയ്തിരുന്നയാളാണ് ഐസക്. നികുതി വരുമാനത്തിൽ 30 ശതമാനം വരെ വർധന വരുമെന്ന് ഐസക് പറഞ്ഞു. എന്നാൽ ഒന്നുമുണ്ടായില്ല. കേരളം കടക്കെണിയിലേക്കു നീങ്ങുകയാണെന്നും രമേശ് പറഞ്ഞു. മുടിഞ്ഞ തറവാടിൻറെ മുറ്റത്തു ചാരുകസേരയിലിരിക്കുന്ന കാരണവരെപ്പോലെയാണത്രെ കെ.എൻ. ബാലഗോപാലിൻറെ അവസ്ഥ.

യുഡിഎഫ് സർക്കാർ കൊണ്ടുവന്ന പങ്കാളിത്ത പെൻഷൻ എടുത്തു കളയുമെന്നു പ്രകടന പത്രികയിൽ എഴുതി വച്ച എൽഡിഎഫ് അതു തുടരുകയാണു ചെയ്തതെന്നു കെ. ബാബു ചൂണ്ടിക്കാട്ടി. പങ്കാളിത്ത പെൻഷനിൽനിന്നു പിന്മാറാൻ കഴിയില്ലെന്ന് ഇപ്പോഴത്തെ ധനമന്ത്രി പറഞ്ഞ കാര്യം ബാബു ചൂണ്ടിക്കാട്ടി. ഇപ്പോഴത്തെ ധനമന്ത്രിക്കു പ്രായോഗിക ജ്ഞാനമുണ്ടെന്നായിരുന്നു രമേശിൻറെ മറുപടി.

പെട്രോളിയം ഉത്പന്നങ്ങളെ ജിഎസ്ടിയിലേക്കു മാറ്റാമെന്നു പറഞ്ഞപ്പോൾ ഓടിപ്പാഞ്ഞു പോയി മറ്റു ധനമന്ത്രിമാരെ കൂട്ടി എതിർത്തയാളാണ് ധനമന്ത്രി കെ.എൻ. ബാലഗോപാൽ എന്നു പി.കെ. ബഷീർ പറഞ്ഞു. മുന്പ് വണ്ടിക്കൂലി പത്തു പൈസ കൂട്ടിയാൽ റോഡിലിറങ്ങുന്ന ഡിവൈഎഫ്ഐ നേതാവായിരുന്നു അദ്ദേഹം. സജീവരാഷ്ട്രീയത്തിൽനിന്നു വിരമിച്ചതോ വിരമിപ്പിച്ചതോ ആയ നേതാവ് എന്നാണു ഡോ. തോമസ് ഐസക്കിനെ ബഷീർ വിശേഷിപ്പിച്ചത്. തോമസ് ഐസക്കിനു പറ്റിയ പിഴവുകൾ ജനങ്ങൾക്കു മുന്പാകെ തുറന്നു പറയണമെന്നും ബഷീർ ആവശ്യപ്പെട്ടു.

സുപ്രധാന ധനകാര്യ ബില്ലുകൾ ചർച്ച ചെയ്യുന്പോൾ ഉദ്യോഗസ്ഥ ഗാലറിയിൽ പ്രധാനപ്പെട്ട ഉദ്യോഗസ്ഥർ ആരുമില്ലെന്നു ബഷീർ പരാതിപ്പെട്ടു. ഉദ്യോഗസ്ഥരെ നിലയ്ക്കു നിർത്താൻ പഠിക്കണമെന്നു ബഷീർ ഭരണപക്ഷത്തോടു പറഞ്ഞു.

മൂന്നു ബില്ലുകൾ ഒരുമിച്ചു ചർച്ചയ്ക്കെടുത്തെങ്കിലും ചർച്ച വല്ലാതെ നീണ്ടു. സഭ പിരിയുന്പോൾ പുറത്ത് ഇരുട്ടു പരന്നു കഴിഞ്ഞിരുന്നു.

# കേന്ദ്രസർക്കാർ മൂന്നു ലക്ഷം പേരെ ലക്ഷപ്രഭുക്കളാക്കി; എന്നിട്ടും വിമർശനമെന്ന് പ്രധാനമന്ത്രി

ലക്നോ: സർക്കാർ പദ്ധതികളിലൂടെ മൂന്നു ലക്ഷത്തിലേറെ ഗുണഭോക്താക്കൾക്ക് ലക്ഷപ്രഭുക്കളാകുവാൻ അവസരം ലഭിച്ചെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. തന്നെ എതിർക്കുന്നവർക്ക് ഇപ്പോൾ കൂടുതൽ കാരണങ്ങൾ കിട്ടിയിരിക്കുകയാണെന്നും മോദി പറഞ്ഞു.



ഉത്തർ പ്രദേശിലെ ലക്നോവിൽ കേന്ദ്ര ഭവന പദ്ധതിയുടെ 75,000 ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. പ്രസംഗത്തിനിടെ സമാജ്‌വാദി പാർട്ടിയെ പേരു പറയാതെ മോദി ആക്രമിച്ചു. മുൻ സർക്കാരിൻറെ കാലത്ത് നഗരാസൂത്രണം രാഷ്ട്രീയത്തിൻറെ ഇരയായിരുന്നു. 18,000 അനുവദിച്ചതിൽ നിന്ന് 18 വീടുകൾ പോലും നിർമിച്ചിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

2014ന് ശേഷം കേന്ദ്രസർക്കാർ പ്രധാനമന്ത്രി ആവാസ് യോജനക്ക് കീഴിൽ ഒരുകോടി 13 ലക്ഷം വീടുകൾ നിർമിച്ചുനൽകി. 50 ലക്ഷത്തിലേറെ വീടുകൾ പാവങ്ങൾക്ക് നൽകി. ഈ കാലയളവിൽ മൂന്നു ലക്ഷത്തിലധികം ഗുണഭോക്താക്കൾ പ്രധാനമന്ത്രി ആവാസ യോജനയിലൂടെ ലക്ഷപ്രഭുക്കളായി. ഓരോ വീടിനും എത്ര വില വരുമെന്ന് ആലോചിച്ച് നോക്കിയാൽ മതിയെന്നും മോദി പറഞ്ഞു.

എന്നിട്ടും പ്രതിപക്ഷം തന്നെ ലക്ഷ്യമിടുകയാണ്. യോജന പ്രകാരം നൽകിയ വീടുകളിൽ 80 ശതമാനത്തിൻറെയും ഉടമകളോ സഹഉടമകളോ സ്ത്രീകൾ ആണ്. യുപിയിൽ സ്ത്രീകൾക്ക് വീടുകളുടെ രജിസ്ട്രേഷനിൽ രണ്ട് ശതമാനം ഇളവ് ലഭിക്കുമെന്നും പ്രധാനമന്ത്രി പ്രഖ്യാപിച്ചു.

ലഖിംപുർ ഖേരിയിലെ സംഘർഷത്തെ തുടർന്നുണ്ടായ പ്രതിഷേധങ്ങൾക്കിടെയാണ് നഗരവികസന മന്ത്രാലയത്തിൻറെ പരിപാടിയിൽ പങ്കെടുക്കാൻ മോദി ലക്നോവിൽ എത്തിയത്.

# സ്വകാര്യവൽക്കരണം പ്രോത്സാഹിപ്പിക്കുന്ന നിർദ്ദേശങ്ങൾ കരട് റഗുലേഷനിൽ ഇല്ലെന്ന് വൈദ്യുതി മന്ത്രി

തിരുവനന്തപുരം: സർക്കാരിന്റെ നയങ്ങൾക്ക് വിരുദ്ധമായി സ്വകാര്യവൽക്കരണം പ്രോത്സാഹിപ്പിക്കുന്ന യാതൊരു നിർദ്ദേശവും സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മിഷന്റെ കരട് റഗുലേഷനിലില്ലെന്ന് വൈദ്യുതി മന്ത്രി കെ കൃഷ്ണൻകുട്ടി നിയമസഭയിൽ പറഞ്ഞു. ഇപ്പോൾ പ്രസിദ്ധീകരിച്ച കരട് റഗുലേഷനിൽ സ്വകാര്യ ലൈസൻസികളെ ആകർഷിക്കത്തക്ക വിധത്തിലുള്ള യാതൊരു വകുപ്പുകളുമില്ലെന്നും മന്ത്രി പറഞ്ഞു.

കെഎസ്ഇബിയെ കൂടാതെ മറ്റ് ഒമ്പത് വിതരണ ലൈസൻസികൾ കൂടി നിലവിലുണ്ട്. പ്രസ്തുത വിതരണ ലൈസൻസികളുടെ ആരോഗ്യപരമായ നിലനിൽപ്പിന് ആദായം കൂട്ടി നൽകേണ്ടത് അനിവാര്യമാണെന്ന് കമ്മിഷന് ബോധ്യപ്പെട്ടതിനാലാണ് നിർദ്ദേശം. വ്യവസായ പാർക്കുകളുടെ വികസനത്തിനും സംസ്ഥാനത്തിന്റെ നികുതി വരുമാനം വർധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടാണ് ലൈസൻസികളുടെ പ്രവർത്തനക്ഷമത പരിഗണിച്ച് വ്യത്യസ്ത നിരക്കുകളാകാമെന്ന് കരട് റഗുലേഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സർക്കാർ നയങ്ങൾ കൂടി പരിഗണിച്ചാണ് വൈദ്യുതി റഗുലേറ്ററി കമ്മിഷൻ പ്രവർത്തിക്കുന്നത്. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മിഷൻ പൊതു തെളിവെടുപ്പിന്റേയും നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടേയും അടിസ്ഥാനത്തിൽ മാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ. നിലവിൽ വൈദ്യുതി നിരക്ക് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ മാത്രമാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇത് വൈദ്യുതി നിരക്ക് പുതുക്കുന്നതിന് വേണ്ടിയുള്ളതല്ലെന്നും വൻകിട ഉപഭോക്താക്കളെ വഴിവിട്ട വിധത്തിൽ സഹായിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നുമില്ലെന്നും മന്ത്രി പറഞ്ഞു.

# സംസ്ഥാനത്തെ എല്ലാ റേഷൻ കടകളുടെയും പശ്ചാത്തല സൗകര്യം വികസിപ്പിക്കും. : ഭക്ഷ്യമന്ത്രി ജി ആർ അനിൽ

തിരുവനന്തപുരം : സ്വയം ചലിക്കുന്നതിനുള്ള ശേഷി പൂർണമായി നഷ്ടമായവർ അംഗങ്ങളായുള്ള കുടുംബങ്ങളെ മുൻഗണനപട്ടികയിൽ ഉൾപ്പെടുത്തുന്നത് സർക്കാർ ഗൗരവമായി കാണുമെന്ന് ഭക്ഷ്യമന്ത്രി ജി ആർ അനിൽ നിയമസഭയെ അറിയിച്ചു. സംസ്ഥാനത്തെ ഭിന്നശേഷിക്കാർ അംഗങ്ങളായുള്ള കുടുംബങ്ങൾക്ക് മുൻഗണന നൽകണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഭിന്നശേഷിക്കാരുടെ അംഗപരിമിതിയുടെ ശതമാനം കണക്കാക്കി ഒരു നിശ്ചിത ശതമാനത്തിന് മുകളിൽ അംഗപരിമിതി ഉള്ളവർക്ക് മുൻഗണനാ കാർഡ് നൽകാൻ കഴിയുമോയെന്നതു സംബന്ധിച്ച് പരിശോധിച്ച് വരികയാണ്. ഇക്കാര്യത്തിൽ സാമൂഹികനീതി വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടെന്നും നിയമസഭയിലെ ചോദ്യോത്തരവേളയിൽ മന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ എല്ലാ റേഷൻ കടകളുടെയും പശ്ചാത്തല സൗകര്യം വികസിപ്പിക്കും. റേഷൻ സാധനങ്ങൾക്കു പുറമേ പലവ്യഞ്ജന സാധനങ്ങളും വിതരണം ചെയ്യുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. മുൻഗണന കാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് ഒക്ടോബർ 15വരെ പിഴകൂടാതെ സറണ്ടർ ചെയ്യാം. അതിന് ശേഷം കണ്ടെത്തുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കും. ആധാർ ലിങ്ക് ചെയ്യാത്തതോ ഒരംഗം മാത്രമുള്ളതോ ആയ മുൻഗണനാ റേഷൻ കാർഡുകളും പരിശോധനയ്ക്ക് വിധേയമാക്കി അനർഹരെ ഒഴിവാക്കുന്നുണ്ട്. ഗുരുതര ശാരീരിക മാനസിക പ്രശ്നമുള്ള അംഗങ്ങൾ ഉൾപ്പെട്ട കുടുംബങ്ങളെ പ്രത്യേക പരിഗണന നൽകി മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്ന കുടുംബങ്ങളിലെ ആർക്കെങ്കിലും ഗുരുതര ആരോഗ്യപ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവരെയും പ്രത്യേകമായി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും സിവിൽ സപ്ലൈസ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒരു കാർഡിലും പേരില്ലാത്ത ആധാർ കാർഡുള്ളവർക്ക് പുതിയ റേഷൻ കാർഡ് അനുവദിച്ച് ഭക്ഷ്യധാന്യം വിതരണം ചെയ്തുവരികയാണ്. വാടകവീടുകളിൽ താമസിക്കുന്നവർക്ക് സാധുവായ വാടക കരാറോ കെട്ടിട ഉടമയുടെ സമ്മതപത്രമോ ഇല്ലാതെ തന്നെ അപേക്ഷയോടൊപ്പം നൽകുന്ന സ്വയം സാക്ഷ്യപത്രവും ആധാർ കാർഡും പരിശോധിച്ച് പുതിയ റേഷൻ കാർഡ് നൽകുന്നുണ്ട്. റദ്ദാക്കിയ 599 റേഷൻകടകൾ പുതിയ ലൈസൻസികൾക്ക് കൊടുക്കുന്നതിനുള്ള നടപടികൾ നവംബർ മാസത്തോടെ പൂർത്തിയാകുമെന്നും മന്ത്രി മറുപടി നൽകി.

## ഓൺലൈൻ മാധ്യമങ്ങൾക്കെതിരെ കർശന നടപടി

തിരുവനന്തപുരം : സ്ത്രീകളെ അപമാനിച്ചും അവഹേളിച്ചും അധിക്ഷേപിച്ചുമുള്ള ഓൺലൈൻ മാധ്യമങ്ങൾക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

പ്രണയ നൈരാശ്യം അതിക്രമങ്ങളിലേക്ക് കടക്കുന്നതിനെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ പൊലിസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം പരാതികളിൽ നടപടിയെടുക്കുന്നതോടൊപ്പം മറുകക്ഷിയുടെ നീക്കങ്ങൾ ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് നിരീക്ഷിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രണയങ്ങൾ കൊലപാതകത്തിൽ എത്താതിരിക്കാനുള്ള ബോധവൽക്കരണം ആവശ്യമാണ്. കഴിഞ്ഞ ദിവസം പാലാ സെന്റ് തോമസ് കോളജിൽ പെൺകുട്ടിയെ കഴുത്തറുത്ത് കൊന്ന സംഭവത്തെ മുഖ്യമന്ത്രി അപലപിച്ചു.

സോഷ്യൽ പൊലിസിങ് നടപടി ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു. ലഹരിമരുന്ന് മാഫിയയുടെ സഹായത്തോടെ ക്യാമ്പസുകൾ കേന്ദ്രീകരിച്ച് യുവാക്കളെ തീവ്രവാദത്തിലേക്ക് ആകർഷിക്കുന്നതായുള്ള യാതൊരു റിപ്പോർട്ടും ലഭിച്ചിട്ടില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു,

## ആംബുലൻസ് വാങ്ങാൻ ഭരണാനുമതി

ജില്ലയിലെ വിവിധ ആരോഗ്യകേന്ദ്രങ്ങളിലേക്ക് ഓക്സിജൻ സൗകര്യങ്ങളോടു കൂടിയ ആംബുലൻസ് വാങ്ങുന്നതിന് ഭരണാനുമതിയായി. പോരുവഴി, തലച്ചിറ, വിളക്കുടി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, മൈനാഗപ്പള്ളി ശൂരനാട്‌വടക്ക് സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലേക്കാണ് അനുവദിച്ചത്. കൊടിക്കുന്നിൽ സുരേഷ് എം.പിയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 1.05 കോടി രൂപയാണ് വിനിയോഗിക്കുക.

# അഫ്ഗാനിൽ താലിബാൻെറ ഹസാര കൂട്ടക്കൊല

കയ്റോ: കീഴടങ്ങിയ സൈനികർ ഉൾപ്പെടെ 13 ഹസാരകളെ താലിബാൻ ഭീകരർ കൊലപ്പെടുത്തിയതായി ആംനസ്റ്റി ഇൻറർനാഷണൽ അറിയിച്ചു. ഓഗസ്റ്റ് 30ന് ദേയ്കുന്ദി പ്രവിശ്യയിലെ കാഹോർ ഗ്രാമത്തിൽവച്ചായിരുന്നു വംശീയ ന്യൂനപക്ഷമായ ഹസാരകളെ താലിബാൻ ഭീകരർ നിഷ്ഠുരമായി കൊന്നത്. അഫ്ഗാൻ സൈനികരായിരുന്ന 11 പേരും രണ്ടു നാട്ടുകാരുമാണു കൊല്ലപ്പെട്ടത്. ഇവരിൽ പതിനേഴു വയസുള്ള പെൺകുട്ടിയും ഉൾപ്പെടുന്നു.

അഫ്ഗാനിസ്ഥാൻ താലിബാൻ ഭരണത്തിലായി രണ്ടാഴ്ച കഴിഞ്ഞായിരുന്നു ഹസാരകളെ കൂട്ടക്കൊല ചെയ്തത്. ആരോടും പ്രതികാര നടപടിയുണ്ടാകില്ലെന്ന് താലിബാൻ ഉറപ്പു നല്കി ദിവസങ്ങൾക്കകമായിരുന്നു കൂട്ടക്കൊല അരങ്ങേറിയത്. ഇതേക്കുറിച്ച് പ്രതികരിക്കാൻ താലിബാൻ വക്താക്കൾ തയാറായില്ല. അഫ്ഗാനിസ്ഥാനിലെ 3.6 കോടി ജനങ്ങളിൽ ഒന്പതു ശതമാനമാണു ഹസാരകൾ. ഇവർ ഷിയാ വിഭാഗമായതിനാൽ സുന്നി ഭൂരിപക്ഷരാജ്യത്ത് നിരന്തരം ആക്രമണത്തിനിരയാകുന്നു.

ഓഗസ്റ്റ് 14നായിരുന്നു ദേയ്കുന്ദി പ്രവിശ്യയുടെ നിയന്ത്രണം താലിബാൻ ഏറ്റെടുത്തത്. ആയുധങ്ങളുമായി 34 മുൻ സൈനികരാണു താലിബാനു മുന്നിൽ കീഴടങ്ങാനെത്തിയത്. മുഹമ്മദ് അസിം സെദാഖത് ആയിരുന്നു ഇവരെ നയിച്ചിരുന്നത്. ഓഗസ്റ്റ് 30ന് മുന്നൂറോളം താലിബാൻകാർ സൈനികരും കുടുംബാംഗങ്ങളും തന്പടിച്ചിരുന്ന ദഹാനി ഖുൽ ഗ്രാമത്തിലെത്തി

കുടുംബാംഗങ്ങളുമായി സൈനികർ പോകാനൊരുങ്ങിയപ്പോൾ താലിബാൻ ഭീകരർ അവരെ പിടികൂടുകയും നിറയൊഴിക്കുകയും ചെയ്തു. പതിനേഴുകാരിയായ മസുമ താലിബാൻ വെടിവയ്പിൽ കൊല്ലപ്പെട്ടു.

ഇതിനിടെ ഒരു സൈനികൻ നടത്തിയ വെടിവയ്പിൽ ഒരു താലിബാൻ ഭീകരൻ കൊല്ലപ്പെടുകയും ഒരാൾക്കു പരിക്കേൽക്കുകയും ചെയ്തു. തുടർന്നു താലിബാൻ വെടിവയ്പ് ആരംഭിച്ചതോടെ രണ്ടു സൈനികർ കൊല്ലപ്പെട്ടു. കീഴടങ്ങിയ ഒന്പതു സൈനികരെ സമീപത്തെ നദീതീരത്ത് എത്തിച്ചശേഷം താലിബാൻ ഭീകരർ കൊലപ്പെടുത്തി

# സംസ്ഥാനത്തിന് ജിഎസ്ടി നഷ്ടപരിഹാരം പൂർണമായും ലഭിച്ചിട്ടില്ല: ധനമന്ത്രി

തിരുവനന്തപുരം: കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തിന് ജിഎസ്ടി നഷ്ടപരിഹാരം പൂർണമായും ലഭിച്ചിട്ടില്ലെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. കോമ്പൻസേഷൻ സെസ് വഴി 4905.51 കോടി രൂപയും സ്പെഷ്യൽ വിൻഡോ ലോൺ പ്രകാരം 5766 കോടി രൂപയും ലഭിച്ചു. 1473 കോടി രൂപ ലഭിക്കാനുണ്ട്. സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ കണക്കുകൾ പ്രകാരം 201718 ൽ 57.32 കോടിയും 201819 ൽ 25.79 കോടിയും ലഭിക്കാനുണ്ട്. 202021 സാമ്പത്തിക വർഷം നഷ്ടപരിഹാര തുകയേക്കാൾ കുറഞ്ഞ തുകയാണ് കോമ്പൻസേഷൻ സെസ് വഴി ലഭിച്ചതെന്ന് മന്ത്രി നിയമസഭയിൽ വ്യക്തമാക്കി.

പെട്രോളും ഡീസലും ജിഎസ്ടി പരിധിയിൽ ഉൾപ്പെടുത്തിയാൽ സംസ്ഥാനത്തിന് ഭീമമായ നികുതി നഷ്ടമുണ്ടാകുമെന്നും മന്ത്രി പറഞ്ഞു. നിലവിൽ പെട്രോളിനും ഡീസലിനും 1963 ലെ സംസ്ഥാന വില്പന നികുതി നിയമ പ്രകാരമാണ് നികുതി ഏർപ്പെടുത്തിയിരിക്കുന്നത്. ഇതനുസരിച്ച് പെട്രോളിന് 30.08 ശതമാനവും ഡീസലിന് 22.76 ശതമാനവുമാണ് വില്പന നികുതി. ജിഎസ്ടി നിയമത്തിന്റെ കീഴിൽ വരുമ്പോൾ ചുമത്താവുന്ന പരമാവധി നികുതി 28 ശതമാനം ചുമത്തിയാൽ പോലും സംസ്ഥാന വിഹിതം 14 ശതമാനം മാത്രമാണ്. നികുതി നിരക്ക് കുറച്ചാൽ ക്ഷേമപെൻഷൻ ഉൾപ്പെടെയുള്ള വികസന ക്ഷേമ പ്രവർത്തനങ്ങൾ പ്രതിസന്ധിയിലാകും. പെട്രോളിനെയും ഡീസലിനെയും ജിഎസ്ടിയിൽ ഉൾപ്പെടുത്തുമ്പോൾ നിശ്ചയിക്കുന്ന നികുതി നിരക്കിന് ആനുപാതികമായാണ് വില വ്യത്യാസം ഉണ്ടാകുന്നത്. കേന്ദ്രം നികുതി വർധനവ് വരുത്തുമ്പോൾ സംസ്ഥാന സർക്കാർ ഈടാക്കുന്ന നികുതികളിൽ മാത്രം കുറവ് വരുത്തുന്നത് ഉചിതമല്ല. പൊതുഗതാഗത സംവിധാനങ്ങൾ, മത്സ്യബന്ധന ബോട്ടുകൾ, ഓട്ടോ, ടാക്സി എന്നിവയ്ക്ക് ഇന്ധന നികുതി സബ്സിഡി നൽകുന്ന കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ലെന്നും മന്ത്രി പറഞ്ഞു.

## പുരാരേഖകൾ ആവശ്യക്കാർക്ക് ലഭിക്കുവാനുള്ള കാലതാമസം ഒഴിവാക്കും: മന്ത്രി

ഗവേഷണ വിദ്യാർത്ഥികൾക്കും ചരിത്ര കുതുകികൾക്കും മറ്റുള്ളവർക്കും പുരാരേഖ വകുപ്പിൽ നിന്നും അവരുടെ പഠന ഗവേഷണ ആവശ്യങ്ങൾക്കായി രേഖകൾ കാലതാമസമില്ലാതെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമെന്ന് പുരാരേഖ മന്ത്രി അഹമ്മദ് ദേവർകോവിൽ അറിയിച്ചു. സാങ്കേതിക കാരണങ്ങളാൽ കാലതാമസം നേരിടുന്നതായി നിരവധി പരാതികൾ ലഭിച്ച സാഹചര്യത്തിൽ പരിഹാരം കാണുന്നതിന് നിലവിലെ റിസർച്ച് റൂൾ ഭേദഗതി ചെയ്യും. ഓൺലൈനിൽ അപേക്ഷ നൽകിയ ഉടനെ അനുമതി ലഭ്യമാക്കാൻ ആവശ്യമായ സംവിധാനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കും.

# അദ്ധ്യാപകർ ഗവേഷണത്തിന് കൂടുതൽ പ്രാധാന്യം നൽകണം: ഗതാഗത മന്ത്രി

എൻജിനിയറിങ് കോളേജ് അദ്ധ്യാപകർ ഗവേഷണ രംഗത്ത് കൂടുതൽ പ്രാധാന്യം നൽകി പ്രവർത്തിക്കണമെന്നും അതിലൂടെ പൊതുസമൂഹത്തിന് പ്രയോജനപ്പെടുന്ന സാങ്കേതികവിദ്യകൾ രൂപപ്പെടുത്തണമെന്നും ഗതാഗതമന്ത്രി ആന്റണി രാജു പറഞ്ഞു. പാപ്പനംകോട് ശ്രീ ചിത്തിര തിരുനാൾ എൻജിനിയറിങ് കോളേജ് സിൽവർ ജൂബിലി ആഘോഷത്തിന്റെ സ്വാഗത സംഘം രൂപീകരണ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. നിലവിൽ കെ.എസ്.ആർ.ടി.സിക്കു വേണ്ടി രണ്ട് ഡീസൽ ബസുകൾ ഇലക്ട്രിക്ക് ബസുകളായി പരിവർത്തനം ചെയ്യുന്നുണ്ട്. ഈ ഗവേഷണത്തോടൊപ്പം കൂടുതൽ സംഭാവനകൾ എൻജിനിയറിങ് കോളേജിന്റെ ഭാഗത്തുനിന്ന് ഉണ്ടാവണമെന്നും മന്ത്രി ആവശ്യപ്പെട്ടു. 25 വർഷം കൊണ്ട് സാങ്കേതികവിദ്യാഭ്യാസ രംഗത്ത് ഉന്നതിയിൽ എത്താൻ കോളേജിനെ സഹായിച്ച വിദ്യാർത്ഥികളെയും ജീവനക്കാരെയും മന്ത്രി അഭിനന്ദിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers,
TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.